നമ്മുടെ ആരാധനക്രമങ്ങളിലും വിവിധാവസരങ്ങളിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളിലും പരിശുദ്ധ കന്യക മറിയത്തെ പ്രകീർത്തിക്കുന്ന നിരവധി മാതൃസ്തവങ്ങളുണ്ട്. അവയോടു ചേർന്ന് വ്യത്യസ്താവസരങ്ങളിൽ ശുശ്രൂഷയ്ക്കും പ്രാർത്ഥനയ്ക്കും ഉപയോഗിക്കാൻ പര്യാപ്തമായ മാതൃകീർത്തനങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. വി.ഗ്രന്ഥം, സഭാപാരമ്പര്യം, സഭാപിതാക്കന്മാരുടെ പഠനങ്ങൾ, തലമുറകളിലൂടെ രൂപപ്പെട്ട ആധ്യാത്മികത എന്നിവയെ ആധാരമാക്കി നമ്മുടെ പ്രിയപ്പെട്ട ചേടിയത്ത് ഗീവർഗീസ് മൽപ്പാനച്ചൻ തയ്യാറാക്കിയ ഈ മാതൃകീർത്തനങ്ങൾ മനുഷ്യമനസ്സുകളെ പരിശുദ്ധ അമ്മയിലേക്കും അമ്മയിലൂടെ ദൈവത്തിങ്കലേക്കും ഉയർത്തുവാൻ ഏറെ പര്യാപ്തമാണ്. പരിചിതമായ ട്യൂണുകളിൽ, പ്രത്യേകിച്ച് ശ്ഹീമ്മോ'നമസ്കാരത്തിലെയും യാമപ്രാർത്ഥനകളിലെയും രീതികളിൽ, രചന നിർവഹിച്ചിരിക്കുന്നു. ഇത് മാതാവിന്റെ പെരുന്നാളുകളിലും, പ്രത്യേകിച്ച് എട്ടുനോമ്പ് ദിനങ്ങളിലും, മാതൃസംഘാംഗങ്ങളുടെ പ്രാർത്ഥനാ കൂട്ടായ്മകളിലും, ദൈവാലയ റാസകളിലും ആലപിച്ച് ധ്യാനിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

+യൂഹാനോൻ മാർ ക്രിസോസ്റ്റം
പത്തനംതിട്ട മെത്രാപ്പോലീത്താ

ജി.ചേടിയത്ത്



# മാതൃകീർത്തനങ്ങൾ

# മാതൃകീർത്തനങ്ങൾ

ജി.ചേടിയത്ത്



# മാതൃകീർത്തനങ്ങൾ

പത്തനംതിട്ട

2011

**G. Chediath, Mathrkeerthanangal,**
Catholic Bishop's House,
St.Peter's Junction,
Pathanamthitta - 689645.

© G.Chediath, 2011

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355



# ഉള്ളടക്കം

| | | പേജ് |
|---|---|---|
| | ആമുഖം | 6 |
| | അവതാരിക | 8 |
| | രീതികൾ | 10 |
| 1. | കനിവുള്ളവളേ, കന്യകയേ | 11 |
| 2. | കന്യക നമ്മുടെയും മാതാ | 13 |
| 3. | കന്യകമറിയം | 14 |
| 4. | ദാവീദിൻ സുത | 15 |
| 5. | ദീപത്തിൻ പീഠം | 16 |
| 6. | ദീപമേ, ദീപമേ | 19 |
| 7. | ദൈവാംബിക | 20 |
| 8. | നൃപകന്യക | 21 |
| 9. | പരിപാവനദേവാലയമേ | 22 |
| 10. | പരിമളനറുമണമേ | 23 |
| 11. | മറിയം രണ്ടാം പറുദീസാ | 26 |
| 12. | മാലാഖമാരുടെ രാജ്ഞി | 28 |
| 13. | മിശിഹായുടെ പ്രിയമാതാവേ | 30 |
| 14. | രണ്ടാം ഹവ്വാ | 31 |
| 15. | രാജകുമാരീ | 33 |
| 16. | വിമലേ, കന്യകയേ | 35 |
| 17. | ശോഭയെഴും രത്നം | 36 |
| 18. | സൗന്ദര്യം തിങ്ങും രത്നം | 37 |
| 19. | സ്വർണാലയമേ | 38 |
| 20. | സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ | 42 |
| 21. | സുരസുന്ദരി | 45 |

# ആമുഖം

മഹാനും പ്രതിഭാശാലിയുമായ ഒരിജൻ എന്ന സഭാമനുഷ്യൻ തന്റെ ഒരു കൃതിയിൽ ഒരിടത്ത് പറയുന്നു: "യേശുവിന്റെ മാറിൽ ചാരിക്കിടക്കുകയും മറിയത്തെ തന്റെ അമ്മയായി യേശുവിൽ നിന്ന് സ്വീകരിക്കുകയും ചെയ്യാത്തവന് യോഹന്നാൻ എഴുതിയ സുവിശേഷ ത്തിന്റെ അർത്ഥം മനസ്സിലാക്കാൻ സാധിക്കുകയില്ല" (യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം, പുസ്തകം 1. ഖണ്ഡിക 23). അൽപ്പംകൂടി കടത്തി പറഞ്ഞാൽ, മറിയത്തെ തന്റെ അമ്മയായി സ്വീകരിക്കാത്തവന് രക്ഷകനായ മിശിഹാ കർത്താവിനെ മനസ്സിലാക്കാനും സാധ്യമല്ല. 'ഇതാ, നിന്റെ അമ്മ' എന്നു പറഞ്ഞുകൊണ്ട്, കരിശിൽ കിടന്ന നമ്മുടെ കർത്താവ് മറിയത്തെ മനുഷ്യകുലത്തിന്റെ അമ്മയായി നൽകി. ശിരസ്സായ മിശിഹായുടെ അമ്മ അവയവങ്ങളായ നമ്മുടെയും അമ്മയാണ്. ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ സഞ്ചരിച്ചാൽ, ദൈവപുത്രനായ യേശുക്രിസ്തുവിൽ യഥാർഥമായും പൂർണമായും വിശ്വസിക്കുന്നവരെല്ലാം മറിയത്തെ അമ്മയായി സ്വീകരിക്കുകയും അവളുടെ അപദാനങ്ങൾ പ്രകീർത്തിക്കുകയും ചെയ്യുന്നു. പരിശുദ്ധ മറിയത്തിന്റെ തീർത്ഥാടനകേന്ദ്രങ്ങളെല്ലാം ഭക്തജനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. 'ഇതാ, എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കും' എന്ന് മറിയം പ്രവചനമായി പറഞ്ഞത് നിറവേറി ക്കൊണ്ടിരിക്കുന്നു. ദൈവവചനം ശ്രവിക്കുകയും പാലിക്കുകയും ചെയ്ത അമ്മ നിരന്തരം തന്റെ പുത്രനോട് നമുക്കുവേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കുന്നു. 'അവർക്ക് വീഞ്ഞില്ല' എന്ന് കാനായിൽ മാത്രമല്ല, ഓരോ ഭവനത്തിലെ ആവശ്യങ്ങളിലും അവൾ തന്റെ പുത്രനോട് പറയുന്നു. 'കൃപ നിറഞ്ഞ അമ്മ', 'കർത്താവിന്റെ അമ്മ', 'യേശുവിന്റെ അമ്മ' നസ്രത്തിലും കാൽവരിയിലും കല്ലറയിലും പെന്തിക്കോസ്തി യിലും ഒരേ മനോഭാവം പുലർത്തി: 'ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ.' കർത്താവിന്റെ രക്ഷാകരപ്രവർത്തനങ്ങൾ ആദ്യമായി ഫലമണിഞ്ഞത് ഈ അമ്മയിലാണ്.



ഈ പരിശുദ്ധ മാതാവിനെ പ്രകീർത്തിച്ചുകൊണ്ടുള്ള കുറേ ഗീതങ്ങളാണ് ഈ ചെറിയ കൃതിയിലുള്ളത്. ഇത് ആദ്യം പ്രസിദ്ധീ കരിച്ചത് 1988 ലാണ്. ഇതിന് അവതാരിക നൽകിയ അഭിവന്ദ്യ യൂഹാ നോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായ്ക്ക് കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേഔട്ട് ഭംഗിയായി നിർവഹിച്ച ഷാനിക്കും ബഥനിപ്രസിലെ അധികാരികൾക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് പരിശുദ്ധ അമ്മയുടെ ബഹുമാനാർത്ഥം ഇത് സഭയിൽ സമർപ്പിച്ചു കൊള്ളുന്നു.

ജി.ചേടിയത്ത്

കാതലിക് ബിഷപ്പ്സ് ഹൗസ്,
സെന്റ് പീറ്റേഴ്സ് ജംഗ്ഷൻ
പത്തനംതിട്ട. 689645.
മാർച്ച് 20,2011.

## ആദ്യപതിപ്പിന്റെ ആമുഖം

അത്യുന്നതനായ ദൈവത്തിന്റെ ഏകജാതനെ പ്രസവിച്ച ഭാഗ്യവതിയായ കന്യകാമറിയം നന്മ നിറഞ്ഞവളും സർവാലങ്കാര വിഭൂഷിതയുമാണ്. മനഷ്യനായി അവതരിച്ച പുത്രൻതമ്പുരാന്റെ മാതാ വായിത്തീർന്ന മറിയം സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളും രണ്ടാം സ്വർഗവുമാണ്. ആ ഭാഗ്യവതിയെ ഉചിതമാംവിധം സ്തുതിക്കാൻ മാനുഷികാധരങ്ങൾക്ക് കഴിവില്ല. ആ രാജമാതാവ് എല്ലാ മനുഷ്യരു ടെയും അമ്മയാണ്. ആ ദൈവമാതാവിന്റെ ബഹുമാനാർത്ഥമുള്ള ജൂബിലിവർഷത്തിൽ രാജാധിരാജന്റെ അമ്മയെ സ്തുതിക്കാൻ ഞാൻ എന്റെ അധരങ്ങൾ തുറന്നു. 'നന്മ നിറഞ്ഞ മറിയമേ, നിനക്കു സ്വസ്തി. നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലം അനുഗൃഹീതമാകുന്നു.'

കോട്ടയം
10-6-1988.

# അവതാരിക

നിരാശയിലകപ്പെട്ട ജീവിതങ്ങൾക്കു പരിശുദ്ധ കന്യകാമാതാവ് പുതുവീഞ്ഞിന്റെ അനുഭവം പ്രദാനം ചെയ്യുന്നു. കാനായിൽ വീഞ്ഞു തീർന്നു പോയപ്പോൾ പരിശുദ്ധ മാതാവ് തന്റെ മകനോടു പറഞ്ഞു: "അവർക്കു വീഞ്ഞില്ല." ഒരിടത്തു നിന്നും ഒന്നും പ്രതീക്ഷിക്കാനില്ലെന്ന് തോന്നിപ്പോകുന്ന നിമിഷങ്ങളിൽ, ഇല്ലായ്മയുടെ ചവറ്റുകൂനയിൽ നിന്ന് സമൃദ്ധിയുടെ മേച്ചിൽപ്പുറങ്ങളിലേക്കു നയിക്കുന്ന വിശ്വാസത്തിന്റെ കരസ്പർശം! യേശു തമ്പുരാൻ അവളുടെ വാക്കു കേട്ട് പച്ചവെള്ളത്തിൽ നിന്ന് മേൽത്തരം വീഞ്ഞുണ്ടാക്കിക്കൊടുത്തു.

യേശുമിശിഹായെന്ന അത്ഭുതങ്ങളുടെ മഹാത്ഭുതത്തെ ആദ്യം അനുഭവിച്ചറിഞ്ഞതും തിരിച്ചറിഞ്ഞതും മറിയമെന്ന അമ്മ തന്നെയാണ്. കാനായിൽ യേശുനാഥൻ അത്ഭുതം പ്രവർത്തിക്കുന്ന രീതി തന്നെ നോക്കൂ. തന്റെ മകനായ യേശുവിൽ മറിയം പൂർണമായി വിശ്വാസം അർപ്പിച്ചു. എത്ര ശ്രേഷ്ഠമാണ് അവളുടെ വിശ്വാസത്തിന്റെ ആഴങ്ങളിലേക്കുള്ള ഗമനം! അവിടെ അവൾ നന്മയുടെ വിലതീരാമുത്തുകളാണ് കാണുക, ശേഖരിക്കുക, പകർന്നുകൊടുക്കുക. മറിയത്തിന്റെ ജീവിതത്തിൽ മാത്രം നടക്കുന്നതും നടക്കേണ്ടതുമായ കാര്യമല്ലിത്. ഓരോ വിശ്വാസിയും ആ വാക്കിന്റെ അർത്ഥത്തിലും ബലത്തിലും ശരണപ്പെട്ടാൽ അത്ഭുതങ്ങൾ ദർശിക്കും. ഒന്നും നടക്കില്ലെന്ന് പറയുന്നിടത്ത് അത്ഭുതങ്ങളുടെ വേലിയേറ്റം തന്നെ കാണും. പച്ചവെള്ളം പോലും മേൽത്തരം മുന്തിരി രസമാകും; സന്തോഷത്തിന്റെ അനുഭവമാകും.

നമ്മുടെ ആരാധനക്രമങ്ങളിലും വിവിധാവസരങ്ങളിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളിലും പരിശുദ്ധ കന്യകമറിയത്തെ പ്രകീർത്തിക്കുന്ന നിരവധി മാതൃസ്തവങ്ങളുണ്ട്. അവയോടു ചേർന്ന് വ്യത്യസ്താവസരങ്ങളിൽ ശുശ്രൂഷയ്ക്കും പ്രാർത്ഥനയ്ക്കും ഉപയോഗിക്കാൻ പര്യാപ്തമായ



മാതൃകീർത്തനങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. വി.ഗ്രന്ഥം, സഭാപാരമ്പര്യം, സഭാപിതാക്കന്മാരുടെ പഠനങ്ങൾ, തലമുറകളിലൂടെ രൂപപ്പെട്ട ആധ്യാത്മികത എന്നിവയെ ആധാരമാക്കി നമ്മുടെ പ്രിയപ്പെട്ട ചേടിയത്ത് ഗീവർഗീസ് മൽപ്പാനച്ചൻ തയ്യാറാക്കിയ ഈ *മാതൃകീർത്തനങ്ങൾ* മനുഷ്യമനസ്സുകളെ പരിശുദ്ധ അമ്മയിലേക്കും അമ്മയിലൂടെ ദൈവത്തിങ്കലേക്കും ഉയർത്തുവാൻ ഏറെ പര്യാപ്തമാണ്. പരിചിതമായ ട്യൂണുകളിൽ, പ്രത്യേകിച്ച് ശ്ഹീമ്മോ നമസ്കാരത്തിലെയും യാമപ്രാർത്ഥനകളിലെയും രീതികളിൽ, രചന നിർവഹിച്ചിരിക്കുന്നു. ഇത് മാതാവിന്റെ പെരുന്നാളുകളിലും, പ്രത്യേകിച്ച് എട്ടുനോമ്പ് ദിനങ്ങളിലും, മാതൃസംഘാംഗങ്ങളുടെ പ്രാർത്ഥനാകൂട്ടായ്മകളിലും, ദൈവാലയ റാസകളിലും ആലപിച്ച് ധ്യാനിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

ബ. അച്ചനിലൂടെ ലഭിച്ച ഈ അനുഗ്രഹത്തിന് കാരുണ്യവാനായ ദൈവത്തിന് നന്ദി അർപ്പിക്കുന്നതോടൊപ്പം, ബഹുമാനപ്പെട്ട അച്ചനെ ഹൃദയപൂർവം അനുമോദിക്കുന്നു. ഈ ഗ്രന്ഥം അനേകരുടെ കൈകളിലെത്തട്ടെ. പരിശുദ്ധ അമ്മയിലൂടെ മനുഷ്യമനസ്സുകളിൽ ദൈവസാന്നിധ്യം നിറയ്ക്കുന്നതിന് ഇത് ഉപയുക്തമാകട്ടെ. ഇതിന് പ്രചുരപ്രചാരം നേരുന്നു. ഇനിയും ബഹുമാനപ്പെട്ട അച്ചനിലൂടെ ദൈവമഹത്വത്തിനും ദൈവജന ശുശ്രൂഷയ്ക്കും ഉപയുക്തമായ ഈടുറ്റ ഗ്രന്ഥങ്ങൾ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ക്രിസ്തു യേശുവിൽ,
**+യൂഹാനോൻ മാർ ക്രിസോസ്റ്റം**
**പത്തനംതിട്ട മെത്രാപ്പോലീത്താ**

കാതലിക് ബിഷപ്പ്സ് ഹൗസ്,
സെന്റ് പീറ്റേഴ്സ് ജംഗ്ഷൻ
പത്തനംതിട്ട. 689645.
**ഫെബ്രുവരി 1,2011.**

# രീതികൾ


1. സ്തുത്യൻ പുനരുത്ഥാനത്തെ - ഗീതം 1
2. എൻ നാഥാ, നിൻ കൃപ നിന്നെ - ഗീതം 2.13
3. വാങ്ങിപ്പോയോർക്കായ് അത്ഭുതമേകും നീ - ഗീതം 3
4. സ്തുതി ദൈവത്തി-ന്നുയരത്തിൽ - ഗീതം 4
5. നാഥാ, ദയമോച-നമിവകളിരന്നീടാൻ - ഗീതം 5.10.12.15.20
6. വിമലേ, കന്യകയേ, - ഗീതം 6.16
7. ദൈവാംബിക കന്യാ-മറിയാമിന്നായി - ഗീതം 7
8. ധന്യൻവിൺമൺവാസികളെ - ഗീതം 8
9. ദാസർ തന്നാത്മാക്കൾക്കായ് - ഗീതം 9
10. സവിധേ വന്നിപ്പോൾ - ഗീതം 11
11. പുലർകാലേ ഗിരിമുകളിൽ മൂശ - ഗീതം14
12. എൻവിളി നിൻ മുൻ ഏറണമെ - ഗീതം 17.19
13. കബറിൽ പൂകിടുമതിവീരൻ തന്നധികാരം - ഗീതം 18
14. നാം ദൈവസുതന്മാരാവാൻ - ഗീതം 21




## 1. കനിവുള്ളവളേ, കന്യകയേ

*രീതി: "സ്തുത്യൻ പുനരുത്ഥാനത്തെ"*

(യാമനമസ്ക്കാരം: ശനി-പ്രഭാതം-രണ്ടാം കോലോ)

1. ഗുഹയിൽ മേവുന്നവനാരോ?
ക്രോബേർ പേറീടുന്നവനാരോ?
സ്തന്യം നുകരുന്നവനാരോ?
ജീവൻ നൽകുന്നവനാരോ?
ശിശുവായ് മേവുന്നവനാരോ?
ദൈവത്തിന്റെ സൂനുവവൻ
വാഴ്ത്താം ദൈവത്തെ
നരനായ് തീർന്നവനെത്തന്നെ.

2. മേലുയരേ നിന്നാഗതനാം
ദൂതൻ കന്യകയെ കീർത്തിച്ചു:
"നന്മ നിറഞ്ഞവളേ, കന്യേ,
സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടോൾ
ദൈവം നിന്നൊടു കൂടെന്നും
നിന്നിൽ നിന്നും ഉരുവാകും
അത്യുന്നത സൂനു
പരിപാവന റൂഹായാലെ."

3. "ഭാഗ്യം മറിയാമേ, ഭാഗ്യം"
ഭാഗ്യമുരയ്ക്കുന്നു തീക്കൂട്ടം:
"ജീവന്നുറവയൊഴുക്കിയ നീ
ജീവഫലത്തെ നൽകിയ നീ
പറുദീസായുടെ താക്കോൽ നീ."
യാചിക്കണമെ സുതനോടായ്
ബലഹീനർക്കായി
ധരയിൽ ശാന്തി ചൊരിഞ്ഞീടാൻ.

4. മിശിഹാ രാജാവിൻ വരവിൽ
മോദമെഴുന്നൊരു വസനത്തിന്നായ്

നോക്കിപ്പാർക്കുന്നു ദാസർ
വലഭാഗം കൃപയാൽ നൽക
സഹദേർ പ്രാപിച്ചൊരു മകുടം
നൽകീടണമെ ദാസർക്കായ്
നിന്നിൽ ശരണിതരാം;
തുണയേകുന്നവനങ്ങത്രേ.

5 നൃപനാം മിശിഹാ ആഗതനായ്
ഭൂവാനങ്ങളെ വിധിചെയ്യുമ്പോൾ
ദൂതർ കാഹളമൂതുമ്പോൾ
സകലവുമൊന്നായഴിയുമ്പോൾ
മൃതരുത്ഥിതരാകും നാളിൽ
മാതേ, സുതനോ-ടർത്ഥിക്ക
ബലഹീനർക്കായി,
ഇവർ കാരുണ്യം പ്രാപിക്കാൻ.

6. കനിവുള്ളവളേ, കന്യകയേ,
ധരയിൽ പാവനരായാരുള്ളു?
നീയും നിൻ സുതനും മാത്രം
പാപം തീണ്ടാത്തവരായി
ധരയിൽ മേവി മുടി ചൂടി
പ്രാർത്ഥിക്കണമെ-അടിയാർക്കായ്
കാലാന്ത്യത്തിങ്കൽ
ഇവർ കാരുണ്യം പ്രാപിക്കാൻ.

7. വത്സലമാതാവേ, കന്യേ,
പ്രാർത്ഥിക്കണമെ ദാസന്മാർക്കായ്
വേദനയാൽ വലയുന്നടിയാർ
രോഗത്താൽ പീഡിതരത്രേ
ദുഷ്ടനലട്ടുന്നെപ്പോഴും
ഓടിക്കണമെ-ശത്രുവിനെ
ആശ്വാസം തരണം
ശാന്തി നിറഞ്ഞൊരു ജീവിതവും.



## 2. കന്യക നമ്മുടെയും മാതാ

*രീതി: എൻ നാഥാ നിൻ കൃപ നിന്നെ*
(കൃംതാ-സന്ധ്യ)

1. പുതിയൊരു പുലരിയിലെൻ പ്രിയരേ,
പുതിയൊരു വസ്ത്രമുടുത്തിടുവിൻ
രക്ഷകനാം മിശിഹായെ നാം
ലോകത്തിൻ മുമ്പിൽ കാട്ടാം.

2. ദൈവസ്വഭാവം ഉയരേന്നും
മർത്യസ്വഭാവം മണ്ണീന്നും
രണ്ടും ചേർന്നൊരു സുതനായി
കന്യകയിൽ നിന്നാഗതനായ്.

3. കാലാരംഭത്തിനുമുമ്പേ
ജാതനവൻ താതനിൽ നിന്നും
കാലാന്ത്യത്തിൽ യൂദായിൽ
കന്യകയിൽ നിന്നാഗതനായ്.

4. താതൻ വലഭാഗം വെടിയാ-
തടിയാരുടെ സവിധേ വന്നു
മുപ്പതു വർഷം യൂദായിൽ
മിശിഹാ നാഥൻ ജീവിച്ചു.

5. ദൈവത്വത്തിൻ പൂർണതയിൽ
നിന്നൊരു വ്യക്തി പിറന്നിവിടെ
മർത്യനുമീശനുമൊന്നിച്ച്
അവനിൽ സമ്മേളിച്ചല്ലോ.

6. കന്യകയിൽ നിന്നുരുവായ
മിശിഹാ ദൈവസുതൻ തന്നെ
അവനെപ്രതിയാ കന്യകയോ
നന്മനിറഞ്ഞവളാകുന്നു.

7. മിശിഹായുടെ പ്രിയമാതാവാം
കന്യക നമ്മുടെയും മാതാ.
അനുദിനമവളർത്ഥിച്ചീടും
പിതൃസവിധേ അടിയാർക്കായി.

8. മിശിഹാ ദൈവത്തിൻ സുതനാ-
ണതിനാലവളൊരു ഭാഗ്യവതി.
ദൈവത്തിൻ പ്രിയ മാതാവെ-
ന്നവളെ നാം സ്തുതി പാടുന്നു.

9. മർത്യകുലത്തിൻ ഉത്തമനാം
മിശിഹായെ നൽകിയ മറിയം
കാലാന്ത്യം വരെ എൻ പ്രിയരേ,
ശോഭ ധരിച്ചവളാകുന്നു.

## 3. കന്യകമറിയം

*രീതി:വാങ്ങിപ്പോയോർക്കായ് അത്ഭുതമേകും നീ-ഹാ-*
*ആചാര്യന്മാർപ്പിക്കും ധൂപത്താലെ വിശ്വാസിനിയാം സഭ*
*തന്റെ മൃതരെ ഓർക്കുന്നു.....*
(യാമപ്രാർത്ഥന: ശനി പ്രഭാതം-ഒന്നാം കോലോ)

1. കേബാർ-നദിയുടെ തീരത്തിൽ-ഹസ്കീയേൽ- കന്യകയെ
ദർശിച്ചു ചൊന്നൂ മോദാൽ തെളിവായി:
ഇസ്രാ-യേലിൻ രക്ഷകനാം-ദൈവം പൂ-കിയ വാതിൽ
പൂട്ടപ്പെട്ടവയാണെന്നെ-ന്നും കേൾപ്പിൻ (44:1-3).

2. ആമോ-സിൻ സുതനേശായാ—ചൊന്നൂ ക-ന്യക പേറു-
ന്നൂ ഒരു വത്സലനേ മടിയിൽ അമ്മനുവേൽ.
മോദം-പകരുമൊരുദ്യാനം;-പാടാം ഗീ-തം കർത്തൻ-
സംരക്ഷിച്ചീടുന്നതിനെ-എന്നേക്കും (7:14; 27:2-3).

3. അഗ്നി-ത്തേരിലെഴുന്നെള്ളും-വിധിയാളൻ-വലഭാഗേ
മേവുന്നൊരു തരുണി പരിപാ-വന കന്യ
സ്ലീബാ-കാണിക്കുന്നു സുത-ഓതുന്നൂ-കനിയണമെ
മാനവ തലമുറയിൽ സുതനേ,-വത്സലനേ (ഏശാ. 66:15-16).

4. ഇസ്രാ-യേലിൻ കന്യകയേ,-നിത്യമതാം-സ്നഹത്താൽ
നിന്നെ സ്നേഹിക്കുന്നീശൻ- നിൻ താതൻ
നിന്നെ-പണിയും ഞാനിപ്പോൾ- കൃപ ചൊരിയും
പൂർണത ഏ-കും നീ ഭാഗ്യവതീ തരുണീ-ജാതികളിൽ.



## 4. ദാവീദിൻ സുത

രീതി : സ്തുതിദൈവത്തി-ന്നുയരത്തിൽ...
*(യാമപ്രാർത്ഥന:ശനി സന്ധ്യ-രണ്ടാം കോലോ)*

1. അഗ്നിരഥത്തിൽ ക്രോബേന്മാർ
പേറുന്നവനാം മിശിഹായെ
കന്യക പേറി നവമാസം
അത്ഭുതമത്രേ തൻ ജനനം.

2. ഭൂവാനങ്ങളെ നിർമിച്ചോൻ
അത്യുന്നതനാം ദൈവസുതൻ
ശീലകളാൽ ചുറ്റപ്പെട്ട്
ഗുഹയിൽ പുൽക്കൂട്ടിൽ മേവി.

3. ഉയരേ ദൈവത്തിനു സ്തുതികൾ
ധരയിൽ മർത്യർക്കാനന്ദം
ശാന്തി പരന്നൂ ധരയിലിതാ
പ്രത്യാശയുദിച്ചു പാരിൽ.

4. കന്യകമറിയാമിൻ ഓർമ
ധൂപസുഗന്ധത്തൊടു കൂടെ
ഘോഷിക്കുന്നെല്ലായിടവും
അവൾ പ്രാർഥന കോട്ടയിവർക്കായ്.

5. അത്യുന്നതനാം സർവേശൻ
സുതനുടെ വാസസ്ഥലമായി
ആക്കി ദാവീദിൻ സുതയെ
അവൾ പ്രാർത്ഥന കോട്ടയിവർക്കായ്.

6. സർവാലംകൃതയാം കന്യേ,
പരിപാവനയാം മാതാവേ,
സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടോൾ
നിൻ പ്രാർത്ഥന കോട്ടയിവർക്കായ്.

7. തലമുറതലമുറയായ് മർത്യർ
ചൊല്ലും കന്യക ഭാഗ്യവതി
ജീവൻ ഭൂമിക്കേകിയവൾ
എന്നും സ്തുതികൾക്കർഹയഹോ.

8. പ്രഭയിൽ നിന്നുള്ളൊരു പ്രഭയാം
കനിവുള്ളവനെ കുമ്പിടുവിൻ
കന്യക ചൊല്ലുന്നെപ്പോഴും
അവളോടൊത്തുയരേ കേറാം.

9. ജീവജലം പേറും തരുവാം
കന്യക മറിയാമിൽ നിന്നും
പൊട്ടിമുളച്ചു ജീവഫലം
ഭക്ഷിച്ചാർക്കുന്നു ജനത.

10. കന്യകമറിയാമേ, നിന്റെ
പ്രാർത്ഥനയാലീ ധര മുഴുവൻ
ശാന്തിവസിക്കട്ടെന്നെന്നും
ദുഷ്ടതയോടി നശിക്കട്ടെ.

## 5. ദീപത്തിൻ പീഠം

രീതി: നാഥാ, ദയമോച-നമിവകളിരന്നീടാൻ

*(യാമപ്രാർത്ഥന: വ്യാഴം സന്ധ്യ-രണ്ടാം കോലോ)*

1. ജീവൻ പകരുന്നോരപ്പം നിക്ഷിപ്തം
പേടകമത്രേ പാവനയാം സൗഭാഗ്യവതി;
ദൂതർക്കിടയിലവൾ ശോഭിക്കുന്നിപ്പോൾ
സഭയുടെയൊന്നാം സന്തതിയും മറിയം തന്നെ.

2. കൈകൾ മെനയാത്ത മോഹനപീഠമതിൽ
ഉന്നതദീപം ശോഭിക്കുന്നത്ഭുതകരമായ്
വേറൊരു ദീപം ശോ-ഭിച്ചില്ലാപീഠേ
പിതൃസവിധേ നിന്നത്യുന്നതദീപം മാത്രം.

3. ലോകത്തിൻ ദീപം ഞാനാണെൻ പ്രിയരേ,
എൻ പിന്നാലെയണഞ്ഞിടുവിൻ മോദമൊടെന്നും.
ശോകം തിങ്ങുന്നോ-രീ താഴ്വരയീന്നും
ദീപം മാറ്റുന്നൂ കൂരിരുൾ എന്നെന്നേക്കും.

4. കർത്താക്കന്മാരിൻ കർത്താവിൽ നിന്നും
കർത്താവെത്തി ധരയിങ്കൽ കന്യക വഴിയായ്;
ദീപത്തിൻ ദീപം; താതനു തുല്യനവൻ.
പിതൃസത്തയിൽ നിന്നുരുവായോ-നത്ഭുതപുത്രൻ.

5. ഭൂവാനങ്ങളിലുള്ളവയെല്ലാം പ്രിയരേ,
നിർമിച്ചതുമീവചനം വഴിയത്രേ താതൻ;
കാലത്തിനു മുമ്പേ മരുവുന്നവനുയരേ
കാലാന്ത്യത്തിൽ ധരയെത്തി കന്യക വഴിയായ്.

6. നമ്മെ പ്രതി വചനം നരനായ് ധരയെത്തി
നമ്മുടെ രക്ഷയ്ക്കായ് താതൻ സുതനെയയച്ചു.
തൻ വരവിൽ മിശിഹാ ശോഭ ചൊരിഞ്ഞുലകിൽ,
ആനന്ദത്തിൻ സന്ദേശം ധരയിൽ വിതറി.

7. താതൻ തിരുസവിധേ നമ്മെയടുപ്പിച്ചു
തിരുരാജ്യത്തിന്നവകാശം ഏകി നമുക്കായ്
തൻ വരവിൽ മിശിഹാ ശോഭ ചൊരിഞ്ഞുലകിൽ
ആനന്ദത്തിൻ സന്ദേശം ധരയിൽ വിതറി.

8. മിശിഹാ ഉയരേപേ-റും മോഹനകലശം
കന്യകയേ, നിൻ ദൃഷ്ടാന്ത-ത്തെ വിവരിപ്പൂ.
കലശം പ്രാർത്ഥന പേ-റുന്നീ ധരയീന്ന്
പ്രാർത്ഥിക്കുക നീ അടിയാർക്കായ് എല്ലാ ദിനവും.

9. രക്ഷകനാം മിശിഹാ നൃപനുടെ മാതാവേ,
രക്ഷകയാകും കന്യകയേ, പ്രാർത്ഥിക്കുക നീ
ധരയിൽ ശാന്തി പര-ന്നീടാൻ എന്നേക്കും
പുതിയൊരു പറുദീസാ വേഗം ആഗതമാകാൻ.

10. അഗ്നി വസിക്കുന്നോ-രുന്നത ബലിപീഠം
കന്യക മറിയാമിൻ രൂപം വെളിവായ് കാട്ടി;
അഗ്നിസമം വചനം പേറും മറിയാമിൻ
ശോഭയവർണ്യം; ശോഭിപ്പി-ക്കുന്നുലകത്തെ.

11. ഭൂവാനങ്ങളെ ബ-ന്ധിക്കുന്നൊരു പാലം;
ധരയിൽ നിന്നും വാനത്തേക്കുള്ളൊരു ശ്രേണി;
ഈ ശ്രേണിയിലൂടെ മിശിഹാ ധരയെത്തി
ഈ പാലം വഴി വാനത്തേ-ക്കോടുന്നടിയാർ.

12. അലറും കടലിൽ ഞാൻ യാനം ചെയ്യുന്നു
ദീപം കാട്ടുക ദീപവിള-ക്കേ, മറിയാമേ.
പാലമതായ് തീരൂ-നീയെൻ പാദത്തിൽ;
ശ്രേണിയതായ് ജീവന്നുറവിടമെത്തീടും ഞാൻ.

13. ഉദ്യാനം പറുദീ-സായിൽ നിലനിന്ന
ജീവമരം നിൻ സാദൃശ്യം വെളിവായ് കാട്ടി.
രക്ഷ നിറഞ്ഞ ഫലം മറിയാം നൽകിയിതാ
ആ കനി തിന്നുന്നവനൊന്നും മൃതനാകില്ല.

14. നീയൊരു മോഹനമാം സസ്യം കന്യകയേ,
നറുമണമേന്തും സുമമുണ്ടായ് നിന്നിൽ നിന്നും
ആ കുസുമം വിതറും നറുമണമീധരയിൽ
നിറയുന്നു; അതിനാൽ മർത്യർ മോദിക്കുന്നു.

15. ഈശായ് തൻ വേരിൽ നിന്നുരുവായ തരു
ശാഖ പടർത്തി വിസ്തൃതമായ് ധര മുഴുവനിലും
നിന്നിൽ നിന്നുരുവായവനാം വൻ കുസുമം
സൃഷ്ടിയെയെല്ലാം മോദിപ്പി-ക്കുന്നെന്നേക്കും.

16. ഭാഗ്യം മറിയാമേ, ഭാഗ്യം കന്യകയേ,
ശ്രേഷ്ഠയതാം മാടപ്രാവേ, ജീവൽ തരുവേ,
വചനത്തിൻ മാതേ, കർത്താവിൻ മാതേ,
ഭാഗ്യം നേരുന്നെല്ലാരും ഭാഗ്യവതിക്കായ്.

17. തളിരിലയാലെത്തി പേടകമതിലേക്കായ്
മാടപ്രാവാ പ്രളയത്തിന്നവസാനത്തിൽ;
കാലാന്ത്യത്തിലിതാ മാടപ്രാവാകും
മറിയം പേറുന്നുന്നതമാം തളിരും സുമവും.

18. അഹറോൻ പേറിയതാം വടിയാ മരുഭൂവിൽ
തളിരിട്ടതിൽ നിന്നുളവായി പുതിയ സുമങ്ങൾ
നറുമണമേകുന്നോ-രുന്നതനാം മിശിഹാ
വൻ തരുവാകും കന്യകയിൽ നിന്നുരുവായി.

19. കന്യകയെ കണ്ടാനാദ്യപിതാവോതി:
ഇക്കന്യക രണ്ടാം പറുദീ-സായെൻ സുതരേ.
ക്രോബകൾ സ്പർശിക്കാൻ പോലും തുനിയാത്ത
ജീവഫലം പേ-റും തരുവിനെ-യവൾ പേറുന്നു.



## 6. ദീപമേ, ദീപമേ

*രീതി: വിമലേ, കന്യകയേ - ദൈവസുതൻ തൻ മാതാവേ,*
*കാരുണ്യം ചെയ്‌വാൻ - സുതനോടർത്ഥിക്കിവർ പേർക്കായ്.*
(യാമപ്രാർത്ഥന: തിങ്കൾ സന്ധ്യ-ഒന്നാം കോലോ)

1. പുലർകാലേ ധരയിൽ-പ്രഭ ചൊരിയുന്നൂ ബാലാർക്കൻ
പ്രഭയെ നിർമിച്ചോൻ-അത്യുന്നത ദൈവം സ്തുത്യൻ.

2. പുലർകാലേ സഭയിൽ-വാഴ്ത്താം പ്രഭയുടെ ദൈവത്തെ
ആരാധന നൽകാം-രവിയെ നിർമിച്ചൊരു നൃപനായ്.

3. ധരയെ കതിരുകളാൽ-ശോഭിപ്പിക്കുന്നു കതിരോൻ
സുതനാൽ രവിനാഥൻ-ലോകം മോദിപ്പിക്കുന്നു.

4. പുലർകാലേ സൂര്യൻ-കണ്ണുതുറക്കാനെത്തുന്നു
ഇരുൾ നീക്കുന്നവനാം-ലോകത്തിൻ പ്രഭയെ വാഴ്ത്താം.

5. ഇരുളിൽ വലയുന്നേൻ-കണ്ണുതുറക്കാനെത്തണമെ;
ദീപത്തിൻ നാഥാ,-നീയാണുലകത്തിൻ ശോഭ.

6. വെളിവിൻ ഭവനത്തിൽ-മരുവുന്നുന്നതനാം നാഥൻ
ഒരു നാൾ സ്നേഹത്താൽ- ധരയിലെറിഞ്ഞു തീക്കുണ്ഡം.

7. ലോകത്തെ മുഴുവൻ-ശോഭിപ്പിക്കും ദൈവസുതൻ
അഗ്നിക്കൂമ്പാരം-വന്നുവസിച്ചുദരേ മറിയം.

8. ദീപം മറിയത്തെ-ശോഭ ധരിപ്പിച്ചെന്നേക്കും
മുടിചൂടി ശിരസ്സിൽ-ശോഭ പരക്കുന്നവളീന്നും.

9. മറിയാമിൻ മനസ്സിൽ- നിർമല ചിന്തകൾ തിങ്ങുന്നു
പുണ്യത്തിൻ ഭവനം-സൗന്ദര്യത്തിൻ കേദാരം.

10. പുറമേ കാണ്മതുപോൽ-കന്യക ശോഭിതയുള്ളതിലും
കറകൾ കൂടാതെ-കൃപയാൽ മേവിയവൾ ധരയിൽ.

11. അവളീന്നൊഴുകുന്നു-സൗന്ദര്യത്തിൻ ദീപനദി
അവളെ ശോഭിതയായ് -തീർത്തവനെന്നും സ്തുത്യർഹൻ.

12. മാതേ, മറിയാമേ,-അർത്ഥിക്കണമെ സുതനോടായ്
കൃപയെന്മേൽ വീഴാൻ-ഞാനും നിർമലനായ് തീരാൻ.

## 7. ദൈവാംബിക

രീതി: ദൈവാംബിക കന്യാ-മറിയാമിന്നായി
പരിമളധൂപത്താൽ- കീർത്തി ഭവിക്കട്ടെ.
(യാമപ്രാർത്ഥന: ബുധൻ സന്ധ്യ-ഒന്നാം കോലോ)

1. വരുവിൻ സോദരരേ,-മറിയാമിൻ ഓർമ്മേ
സ്തുതികൾ പാടീടാം -കാരുണ്യം തേടാം.
2. ഭാഗ്യം മറിയാമേ!-അത്ഭുതനെ പേറി
ലോകത്തിനു നൽകി -ബേത്‌ലഹേം ഗുഹയിൽ.
3. ഭൂവാസികളെല്ലാം- നിൻ സവിധേയെത്തി
നിൻ സ്തുതി പാടുന്നു- മറിയം ഭാഗ്യവതി.
4. രക്ഷയ്ക്കുടയവനെ- പ്രസവിച്ചവൾ കന്യേ,
ശോഭയെഴും രത്നം -മറിയം ഭാഗ്യവതി.
5. ആദാമ്യർക്കായി-നിബിമാരുടെ നാഥേ,
നീ കാലാന്ത്യത്തിൽ-സ്വാതന്ത്ര്യം നൽകി.
6. നിന്നിൽ സംപ്രീതൻ-താതൻ സ്തുത്യനഹോ
നിൻ പ്രിയനാം സൂനു വാഴ്ത്തപ്പെട്ടവനും.
7. നിന്നിൽ മേവിയവൻ-കിരണത്തോടമ്മേ
പ്രാർത്ഥിച്ചീടണമെ-കൃപയെന്മേൽ ചൊരിയാൻ.
8 വേദനയിൽ കരയും-നരരുടെ രോഗങ്ങൾ
നീക്കാനർത്ഥിക്ക-നിൻ പ്രിയസുതനോടായ്.
9. സുതനെ കൈക്കൊണ്ട-വാങ്ങിപ്പോയവരെ
പറുദീസിൽ ചേർക്ക-പ്രിയയാം മാതാവേ.
10. നിൻ സ്തുതി പാടുന്ന-ഈ നിൻ ദാസർമേൽ
മേലുയരേ നിന്നും-കൃപ വർഷിക്കണമെ.
11. രാജാവിൻ മാതേ,-രാജാവിൻ പുത്രീ,
ഞാൻ രാജ്യം പൂകാൻ-രാജനൊടർത്ഥിക്ക.
12. രമ്യതയേകണമെ-കന്യകമൂലം നീ
ഇളകിമറിഞ്ഞൊരുവൻ-കടലാം ലോകത്തിൽ.
13. യുദ്ധമകറ്റണമെ-ശാന്തി ധരയ്ക്കേകൂ
മാതാവിന്നോർമ്മ എന്നും കൊണ്ടാടാൻ.



## 8. നൃപകന്യക

*രീതി: ബ്രിക്ദ്ഹാദീ ലശ്മായോനേ...*
*ധന്യൻ വിൺമൺവാസികളെ...*

1. കന്യകയുടെ നിർമലയുദരം-കൈക്കൊണ്ടുടയവനെ
പുംസംബന്ധമെഴാതൊരുനാൾ-ദൈവം നരനായി.
2. കൈകൾ കൊത്തിയെടുക്കാത്ത-പാറക്കല്ലിതുതാൻ
റൂഹാ നിർമിച്ചൊരു ഭവനം-കാണ്മിൻ വൽസലരേ!
3. റൂഹാ നിർമിച്ചൊരു ഭവനേ-എത്തി സ്തുത്യസുതൻ
പണിയും വരവും ഒരു നിമിഷം-തന്നെ പാടുമിവർ.
4. താതനിൽ നിന്നുള്ളേകസുതൻ-കന്യാസുതനായി
മാറ്റം കൂടാതൊരുനാളിൽ-ദൈവം നരനായി.
5. വചനം ജഡമായ് തീർന്നൊരുനാൾ-യോഹന്നാനെഴുതി
ദൈവം നരനായീഹൂദിൽ-പാടുന്നു ദാസർ.
6. താതനിൽ നിന്നു പിറന്ന സുതൻ-ദൈവം താനല്ലോ.
കന്യകയിൽ നിന്നാദൈവം-രക്ഷിപ്പാനെത്തി.
7. താതനിൽ നിന്നുരുവായ സുതൻ-മന്നിൽ ജാതനതായ്
ആരാധിക്കുന്നവനെ ഞാൻ കർത്താവെൻ ദൈവം.
8. കാലാന്ത്യത്തിൽ പിതൃവചനം-ദൈവം നരനായി
നരനായവനാം ദൈവത്തെ വാഴ്ത്തീടാം മോദാൽ.
9. മർത്യസ്വഭാവം ഏറ്റ സുതൻ-സാക്ഷാൽ ദൈവമഹോ
കന്യക തൻ മടിയിൽ മേവും-പുത്രൻ ദൈവസുതൻ.
10. താതനിൽ നിന്നവനുളവായി-താതൻ വചനമവൻ
സത്തയിൽ നിന്നുളവായവനെ-വാഴ്ത്തീടാമെന്നും.
11. ദൈവത്വത്തിൻ പൂർണതയാ-താതന്നും സുതനും
ഒരുപോലുണ്ടെന്നറിയേണം-പാടാം ഗീതങ്ങൾ.
12. കന്യകയുടെ മടിയിൽ വാണോൻ-അത്യുന്നതസൂനു
അവനുടയവനാം ദൈവത്തിൻ-മാർവിൽ മേവുന്നു.
13. തിരുസഭ പാടുന്നെന്നെന്നും:-മ്ശീഹാ ദൈവസുതൻ.
കന്യകയിൽ നിന്നുരുവായോൻ-സാക്ഷാൽ ദൈവസുതൻ.

14. ദൈവത്വത്തിൻ പൂർണതയീ-രാജാവിൽ കാണാം.
മർത്യത്വത്തിൻ പൂർണതയും-കാണാമീയാളിൽ.
15. കന്യകയിൽ നിന്നുരുവായോൻ-അത്രേ പിതൃവചനം;
ജഡമേറ്റവനാം ദൈവസുതൻ-സാക്ഷാൽ ദൈവമഹോ.
16. ഉദരേ നവമാസം പേറി-ഭൂവിൽ പ്രസവിച്ചു.
കൃപയുടെ നാഥനെ ഏന്തുന്നു-കൈയിൽ നൃപകന്യ.
17. കന്യാത്വത്തിൽ നൃപതരുണി -കേട്ടു ദിവ്യസ്വരം:
ഉദരേമേവി പാവനമാം-സത്യം ദൈവസുതൻ.
18. നരസുതയിൽ നിന്നെങ്ങനെയീ-ദൈവം ധരയെത്തി
നിബിവചനം നിറവേറ്റുന്നോൻ-മ്ശീഹാ ദൈവസുതൻ.
19. അത്യുന്നതനാം ദൈവസുതൻ-എത്തീ എന്നുള്ളിൽ
എന്നിൽ മേവി നവമാസം-ഓതീ നൃപകന്യ.
20. അന്വേഷിപ്പാനെത്താതെ-കൈക്കൊൾവിൻ ഹൃദയേ
താത്വികരെ ലജ്ജിപ്പിക്കാൻ-സ്ളീബാ ശോഭിപ്പൂ.

## 9. പരിപാവന ദേവാലയമേ

*രീതി: ദാസർ തന്നാത്മാക്കൾക്കായ്*
*ആശ്വാസം നൽകണമെ മിശിഹാരാജാ-*
*ശാന്തിയിൽ വാഴുമവർ......*
(ശനി സന്ധ്യ:ഒന്നാം കോലോ)

1. പരിപാവന ദേ-വാലയമേ,
ആധ്യാത്മിക പറുദീസായേ,
കന്യാ-ത്വത്തിൻ നിറകുടമേ,
നിന്നിൽ നിന്നുദയം ചെയ്തു
ശിശുവായ് തീർന്നൂ ദൈവസുതൻ
സൃഷ്ടി-ക്കുദയം നൽകിയവൻ.

2. നന്മ നിറഞ്ഞവളേ, കന്യേ,
അഖിലചരാചരമഖിലാണ്ഡം
നിന്നാൽ-ആമോദിക്കുന്നു.
ദൂതന്മാരാം വാനഗണം
മോഹനജീവികൾ മാനവരും
നിന്നെ-നിതരാം വാഴ്ത്തുന്നു.



3. നീ സിംഹാസനമായ് തീർന്നു
വാനത്തേക്കാൾ വിസ്തൃതമായ്
കണ്ടു-മിശിഹാ നിന്നുദരം.
നന്മ നിറഞ്ഞവളേ, മാതേ,
അഖില ചരാചരമഖിലാണ്ഡം
നിന്നാൽ ആമോദിക്കുന്നു.

4. ഭൂവാനങ്ങളെ നിർമിച്ച
മിശിഹാനാഥനെ വാഴ്ത്തുന്നു
മോദാൽ-അഖിലാണ്ഡം സർവം.
സ്തുതിഗീതത്താൽ വാനഗണം;
പാഴ്ഗുഹയാലീ ഭൂമാതാ;
നിന്നെ-കന്യകയാൽ മർത്യർ.

5. ശുഭ്രവെളിച്ചം മിശിഹാ താൻ
നിത്യപിതാ തൻ കിരണവുമേ,
പരിശുദ്ധാത്മാവിൻ ഗീതം
ആഗതനായ് സായാംകാലേ
അസ്തമയത്തിങ്കൽ അവനെ
വാഴ്ത്തു-ന്നടിയങ്ങൾ മോദാൽ.

## 10. പരിമളനറുമണമേ

*രീതി: നാഥാ, ദയമോചനമിവകളിരന്നീടാൻ*
(വ്യാഴം സന്ധ്യ: രണ്ടാം കോലോ)

1. പരിമളനറുമണമേ, മറിയാമേ, സ്വസ്തി,
നിൻ ഗന്ധത്തെ പ്രതി ചൊന്നൂ നൃപനാം ശ്ലേമോൻ.
നിന്നിൽ നിന്നുളവായവനാം നൽകുസുമം
വിതറുന്നൂ തൻ പരിമളമീ ധര മുഴുവനിലും (ഉത്തമ 4,9.11-12).

2. കെട്ടിയടയ്ക്കപ്പെട്ടൊരു വൻപൂന്തോട്ടം
ശ്ലേമോൻ വിവരിക്കുന്നൂ സങ്കീർത്തനമതിനുൾ
നറുമണവാഹികളാം മോഹന കുസുമങ്ങൾ
നിറകുലയേന്തും കായ്കനികൾ എല്ലായിടവും.

3. ലബനോൻ വനഭൂവിൽ വിടരും കുസുമങ്ങൾ
വിരിയും നന്നായീ വാടിയിൽ നറുമണമോടെ
ലബനോനിലെ ഗന്ധം മേവുന്നാധരയിൽ
ഈ ഉദ്യാനമിതിൻ ഗന്ധം ലോകം മുഴുവൻ.

4. നൃപനാം ദാവീദിൻ കിന്നരമാം മാതേ,
നൃപനാം ശ്ലേമോൻ ചൂടിയതാം മകുടം മാതേ,
മുദ്രിതമാം തോട്ടം നീയാണെൻ മാതേ,
സൗഗന്ധിക സുമവാഹിയതാം തരുവാം മാതേ.

5. നിബിമാർ വിവരിപ്പൂ നിർമല കന്യകയെ:
മുൾച്ചെടിയാലൊരുവൻ; വടിയാലപരൻ കാണ്മൂ;
മുദ്രിതമാമുദ്യാനത്താൽ വേറൊരുവൻ;
പൂട്ടപ്പെട്ടൊരു വാതിലിനാൽ നിബി ഹസ്ക്കീയേൽ.

6 ധരയിൽ വയ്ക്കാതെ വടി ഫലമേന്തിയിതാ
തളിരും പൂവും കതിരുമതോടൊപ്പം വന്നു
കന്യാത്വത്തിൽ ദൈ-വത്തെ പ്രസവിച്ച
കന്യക മറിയാമിൻ രൂപം വഴികാട്ടുന്നു.

7. കൃപയുടെ പൂർണതയേ, കന്യകയേ, മാതേ,
ആനന്ദത്തിന്നുറവിടമേ, കരുണാപൂർണേ,
ശോഭ നിറഞ്ഞവളാം പരിപാവന തരുണീ,
നിൻ മുഖകാന്തിയവർണ്ണ്യമതെ-ന്നോതുന്നടിയർ.

8. സ്ലീബാ സമമായ് സ്രോ-പ്പേന്മാർ മൂടുന്നു
ഇരുചിറകാലവരുടെ പാദം; രണ്ടാൽ മുഖവും;
തിരുസുതനുടെ സവിധേ നിന്നു വരുന്നവയാം
അഗ്നികളെത്തടയാനായവർ ചെയ്യുന്നിതുപോൽ.

9. നിരവധി നയനങ്ങൾ നിറയും ക്രോബേന്മാർ
ഭീതി നിറഞ്ഞു വസിക്കുന്നു സുതനുടെ സവിധേ
അഗ്നിയെ ദർശിപ്പാ-നഗ്നിമയന്മാരാം
ശക്തികൾ ശക്തന്മാരല്ലെ-ന്നോതുന്നു നിബി.



10. നീയോ ഉദരത്തിൽ പേറീ തീക്കട്ട
ജ്വാലയുമഗ്നിയുമൊപ്പം നിന്നുദരേ വാണു;
ദൈവത്വത്തിന്നത്യുഗ്രമതാം രശ്മി
നിന്നിൽ മേവിയതിൽ ദൂതർ അത്ഭുതമാർന്നു.

11. മൂശാനിബി ഹോറേ-ബിൽ കണ്ടൊരു കാഴ്ച
പാവനകന്യേ നിൻരൂപം വെളിവാക്കുന്നു.
ക്രിസ്ത്യാനികളാകു-ന്നിവർ നിന്നിൽ മാതേ,
അഭിമാനിക്കു-ന്നവിടുന്നാണുത്തമ പുത്രി.

12. തൃക്കൈകളിലഗ്നി-ക്കുണ്ഡം പേറിയവൾ
അഗ്നിവസിച്ചവളുടെയുദരേ; അത്ഭുത രഹസ്യം.
കത്തും സൂര്യനെയേന്തീ-യവളുദരത്തിൽ
വിജ്ഞാനികളെ ഈ സത്യം മൗനികളാക്കി.

13. മാതാവേ, പ്രാർത്ഥി-ക്കണമടിയാർക്കായി
നിൻ സുതനാമീശൻ സേവകരടിയാർക്കായി
അർപ്പിക്കുന്നടിയർ ജീവൻ തൃക്കൈയിൽ
വയ്ക്കണമെ മിശിഹാ വഴിയാ പിതൃപാദത്തിൽ.

14. നീ വഴിയുയരത്തിൽ കയറുന്നടിയങ്ങൾ
യാചിക്കുക നിൻ സുതനോടായ് ഞങ്ങൾ പേർക്കായ്
വിശ്വാസം, വിനയം, സത്യം, കരുണയിവ
വർഷിച്ചിടുവാൻ പ്രാർത്ഥിക്കുക മിശിഹായോടായ്.

15. സ്വസ്തി നിനക്കേകും കർത്താവിൻ മാതേ,
നന്ദിയുമാരാധനയും നൽകും താതന്നും
സ്തുതികൾ ഗീതങ്ങൾ വത്സലനാം സുതനും
ആരാധന കാലാകാലം റൂഹ്ക്കുദിശായ്ക്കും.

16. പരിപാവനമാതേ, മോദത്തിൻ വിരിയേ,
പൂകട്ടടിയൻ പാവനമാം ബലിവേദിയതിൽ
നിന്നുദരഫലത്തെയെൻ കൈകളിലേന്തി
എൻ ജീവനതിൽ ചേർക്കാനായ് വെമ്പുന്നടിയൻ.

## 11. മറിയം രണ്ടാം പറുദീസാ

*രീതി: സവിധേ വന്നിപ്പോൾ – പിഴമോചനമർത്ഥിക്കുന്നേൻ*
*കാരുണ്യേശാ നീ എന്റെ – ദോഷത്തങ്ങൾ പോക്കണമെ*
*പാപിയിവന്മേൽ കൃപയുണ്ടാകേണം.*
(വ്യാഴം-പ്രഭാതം)

1. ദൈവാംബികമറിയം
നന്മനിറഞ്ഞോരുറവയഹോ
നൽകുന്നൂ ദാ-നം ധരയിൽ
അവൾ സവിധേ അണയാം പ്രിയരേ,
കരുണ നിറഞ്ഞവനെ കാണാം.

2. ദാവീദിൻ നഗരേ
ദാവീദിൻസുത മരുവിയിതാ
ഗുഹയിൽ കാ-ലികൾ മധ്യത്തിൽ
രാജാക്കളുമിടയന്മാരും
എത്തീ നൃപനെ വന്ദിപ്പാൻ.

3. പരിപാ-വന മറിയം
നൃപനെ ലോകത്തിനു നൽകി
ദാരിദ്ര്യാ-ലാ കൽഗുഹയിൽ.
അവനെ വന്ദിക്കുന്നു നൃപർ
ഗീതം പാടുന്നു ദൂതർ.

4. മറിയാമിൻ ഓർമ
വാനോർ ഭൗമികരൊത്തൊരുമി-
ച്ചാഹ്ലാ-ദിച്ചാ-ർത്തീടുന്നു
നന്മനിറഞ്ഞവളേ, മാതേ,
സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടോൾ.

5. കുറയാത്തോരുറവ
പൂർണത തിങ്ങും പറുദീസാ
മാതേ, കന്യേ, മറിയാമേ,
ചൊരിയണമേ ദാനം സഭയിൽ
ധരയിൽ സ്നേഹം ചിന്തീടാൻ.

6. ദൈവത്തിൻ സുതനെ
ധരയിൽ നൽകിയ ഭാഗ്യവതി
മറിയാം രണ്ടാം പറുദീസാ
നിബി വചനം നിറവേറ്റിയ നീ
പാപികൾ പേർക്കാ-യർത്ഥിക്ക.



7. മാതേ, മറിയാമേ,
നീ പേറി അത്ഭുതസുതനെ
ഉദരേ നവമാസം സ്നേഹാൽ;
ലോകം നിർമിച്ചൊരു നാഥൻ
എങ്ങനെ മേവി നിന്നുള്ളിൽ?

8. ലോകം പാലിപ്പോൻ
അത്യുന്നത ദൈവത്തിന്റെ
വത്സലസൂനുവാം മിശിഹാ
ശോഭ നിറഞ്ഞൊരു കിരണമവൻ
എങ്ങനെ മേവി നിന്നുള്ളിൽ?

9. ലോകത്തെ മുഴുവൻ
പരിപാലിക്കും മഹനീയൻ
മിശിഹാ രാജാവാം സൂര്യൻ
അഗ്നിയിൽ നിന്നുള്ളഗ്നിയവൻ
എങ്ങനെ മേവി നിന്നുള്ളിൽ?

10. സ്വാതന്ത്ര്യം നൽകും
ഉന്നതനാഥൻ മിശിഹായെ
പേറി ക-ന്യക – ഉദരത്തിൽ
ഭാഗ്യവതീ, നിൻ തിരുനാമം
ഘോഷിക്കുന്നു ഭൂവാനം.

11. ഭാഗ്യം! തേ ഭാഗ്യം!
കന്യക മറിയാമേ, മാതേ,
നീ പേ-റി ഉ-ന്നതസ്വർഗം
ഭൂവാനങ്ങളിലില്ലാരും
നിന്നോടുപമിപ്പാനായി.

12. മാതാവേ, കന്യേ
സൗഭാഗ്യവതീ, മഹനീയേ,
കറ തീ-ണ്ടാത്ത – രത്നം നീ,
കറകൾ തിങ്ങിയ ദാസർക്കായ്
നിൻ പ്രിയ സുതനോ-ടർത്ഥിക്ക.

## 12. മാലാഖമാരുടെ രാജ്ഞി

രീതി: നാഥാ,ദയമോച-നമിവകളിരന്നീടാൻ
*(വ്യാഴം സന്ധ്യ-രണ്ടാം കോലോ)*

1. നിരവധി നയനങ്ങൾ നിറയും ക്രോബേന്മാർ
ചിറകുകളാറാറുള്ളവരാം സ്രോപ്പേന്മാരും
ബേതലഹേം ഗുഹയിൽ എത്തി മാതാവേ,
തിരുസുതനെ നീ ലോകത്തിൽ പ്രസവിച്ചപ്പോൾ.

2. മുത്തുകൾ വച്ചൊരു വൻമകുടം പേറിയവർ
ഗീതം പാടി നിൻ ശിരസ്സിൽ മകുടം വച്ചു
വലിയൊരു പ്രഭവിതറി നിൻ ശിരസ്സിൻചുറ്റും
കന്യകയെ കണ്ടാ ദൂതർ അത്ഭുതമാർന്നു.

3. വാനവദൂതന്മാർ മേലുയരേ നിന്നും
ദൈവത്തിൻ തിരുമാതാവിൻ മുമ്പിൽ കൂപ്പി
ദൈവസുതൻ മാതാ-വീധരയിൻ തരുണി
ഗൂഢം രഹസ്യം ദർശിച്ചവർ സ്തുതികൾ പാടി.

4. സൃഷ്ടികളെയെല്ലാം നിർമ്മിച്ചൊരു വചനം
സൃഷ്ടിസമം മടിയിൽ മേവി ദൂതർ കണ്ടാർ
സൃഷ്ടികളെ പാലി-ക്കുന്നവനാം നാഥൻ
സൃഷ്ടിസമം സ്തന്യം പാനം ചെയ്തവളീന്ന്.

5. ഉയരേ പിതൃസവിധേ മരുവിയ വൻശക്തി
കാലാന്ത്യത്തിലെഴുന്നെള്ളി കന്യകയുദരേ
അവളെയൊരു പടവായ് കരുതീ മാലുമി താൻ
അവളിൽ നിന്നും മേനിയെടുത്തെത്തീ ധരയിൽ.

6. മിശിഹായുടെ വിനയം ദർശിച്ചാദൂതർ
നയനമുയർത്തി സ്തുതി പാടി ചിറകുവിരിച്ചു.
സ്തുതിയെന്നെന്നും കർത്താവേയങ്ങേക്കായ്
അത്യുന്നതവാസം ഗേഹം നിന്റേതത്രേ.

7. ബേത്‌ലഹേം ഗുഹയിൽ മിശിഹായെ കണ്ടാ-
ദൂതനുരച്ചു, ശാന്തിധരേ എന്നെന്നേക്കും
മാംസമെടുത്തവനെ ദർശിച്ചവർ പാടി
സന്മനസ്സുള്ളവരാം മർത്യർക്കുളവായ് ശരണം.



8. ഒരു മേഘം മൂടി നിബിയുടെ കൂടാരം
പുതിയൊരു മേഘം മൂടിയിതാ ഗുഹയിൻ മീതേ
ഇസ്രായേലിന്നായ് രക്ഷകനാഗതനായ്
അതു സാക്ഷിക്കാനെത്തിയിതാ വാനഗണങ്ങൾ.

9. ഇടയന്മാർ കേട്ടു ദൂതന്മാർ വചനം
ഓടിയടുത്തു വന്ദിപ്പാൻ; പുൽക്കൂടതിനുൾ
പുതിയൊരു ദീപ്തി പരന്നാ ഗുഹയുടെ ചുറ്റും
മേഘം നീങ്ങി, ദീപ്തിയിലേക്കാർ നോക്കീടും!

10. ആ ദീപം തിങ്ങി ശിശുവിൻ ഉദയത്തിൽ;
നവമാം ശോഭകളാലവനാ ഗുഹയെ നിറച്ചു;
മാതാവാം മറിയം പേറീ മിശിഹായെ
സ്തന്യം നൽകിത്താലോലി-ച്ചാനന്ദിച്ചു.

11. പിതൃമാർവിൽ നിന്നും അകലാതൊരു നാളും
സുതനമരുന്നാ കന്യക തൻ മടിയിൽ ശിശുവായ്
സ്വർഗീയോന്നതമാം ഗേഹം വെടിയാതെ
സ്വേച്ഛാ നരനായ് തീർന്നോനെന്നേക്കും സ്തുത്യൻ.

12. നരനായ് തീർന്നവനാം ദൈവം കന്യക തൻ
സ്തന്യം നുകരും സമയത്തും ദൈവം തന്നെ
ലോകത്തിൻ പരിപാലകനാം പ്രിയനാഥൻ
കന്യക തൻ ചെറു കൈകളിലായ് ലാളനമേറ്റു.

13. സൃഷ്ടികളെല്ലാം വാഴുന്നീശൻ മടിയിൽ
സൃഷ്ടികളെത്താങ്ങുന്നവനാമീശൻ ധന്യൻ
മുടികൾ മുടയുന്നു സൃഷ്ടിക്കെല്ലാമായ്
നരനാം മിശിഹാ കന്യക തൻ മടിയിൽ വാണു.

14. സ്തന്യം നൽകുന്നോ-രുന്നത രാജാവേ,
നിന്നെ പാലൂട്ടിയ തരുണി ശോഭനയത്രേ;
ആനന്ദിച്ചീടൂ ദൈവത്തിൻ മാതേ;
അവനാണുലകത്തിൻ രക്ഷകനെല്ലായ്പ്പോഴും.

15 മലയിൽ തുള്ളിച്ചാടുന്ന മൃഗത്തിനും
കരയും കാക്കയ്ക്കും നൽകുന്നീശൻ ഭോജ്യം.
വനഭൂമിയിലലയും കലമാൻ കുഞ്ഞിനെയും
പരിപാലിപ്പവനെ കന്യക പരിപാലിപ്പൂ.

16. സുതനവതാരം ചെ-യ്തതിനാലീ ധരയിൽ
ശാന്തി പരന്നതു കണ്ടവരാം വാനഗണങ്ങൾ
ഒരു ഗീതം പാടി മോദമൊടൊന്നായി
സന്മനസ്സുള്ളോർക്കുളവായി ധരയിൽ ശാന്തി.

17. ഉന്നതഗിരിയിൽ നി-ന്നുന്നതനാമീശൻ
നോക്കുന്നെല്ലാ മർത്ത്യരെയും തൻ തൃക്കണ്ണാൽ
കന്യകമറിയത്തെ ദർശിച്ചവനോതി:
ഈ ഗേഹം ഞാൻ കാംക്ഷിപ്പൂ; ഇവിടെ വസിക്കും.

18. മർത്ത്യഗണത്തിന്നുത്തമയാകും തരുണി
കന്യകമറിയത്തിൻ ശോഭ ബഹുമോദകരം
അവളുടെ സൗന്ദര്യം ദർശിച്ചവനോതി:
ഇതു താനെൻ പ്രിയമാം വാസം കാലാകാലം.

19. ജാതികളിൽ നിന്നും ജാതയതായ സുതേ
നിൻ സൗന്ദര്യം കമനീയം; സൗഭാഗ്യവതീ,
നൃപരാജൻ മിശിഹാ നിന്നെ മോഹിച്ചു
നിന്നെ ചേർക്കാൻ വന്നീടും കാലാന്ത്യത്തിൽ.

20. നൃപനാം നിൻ സുതനോടെൻ പ്രിയ മാതാവേ,
പ്രാർത്ഥിക്കണമെ പാപികളാ-മടിയാർ പേർക്കായ്
ബഹുവിധമാം പാപം ചെയ്തവരാമിവരിൽ
കൃപ ചൊരിയാൻ നിൻ വത്സലനോ-ടഭ്യർത്ഥിക്ക.

## 13. മിശിഹായുടെ പ്രിയ മാതാവേ

രീതി: എൻനാഥാ, നിൻ കൃപ നിന്നെ
(കൃംത-സന്ധ്യ)

1. നന്മ നിറഞ്ഞവളാം കന്യേ,
മിശിഹായുടെ പ്രിയ മാതാവേ,
അഭയം തേടുന്നങ്ങിൽ ഞാൻ
നിൻ സുതരിൽ കൃപ തോന്നേണം.

2. പ്രാർത്ഥന കേൾക്കും മാതാവേ,
പരിപാവനയാം ഭാഗ്യവതീ,
അഭയം തേടുന്നങ്ങിൽ ഞാൻ
നിൻ സുതരിൽ കൃപ തോന്നേണം.



3. ധരയിൽ വിരിഞ്ഞൊരു സുരസുമമേ,
ധരയിലിറങ്ങിയ പാലാഴി
നൽകണമെ നവസുരഫലമാം
അമൃതം; ഞാൻ ജീവൻ നേടാൻ.

4. ജനനീ വരവിന്നായ് നോക്കി
കേഴും പറവസമം ഞങ്ങൾ
കരുണ നിറഞ്ഞവളേ, നിന്നെ
നോക്കിപ്പാർക്കുന്നെപ്പോഴും.

5. അറിവില്ലാത്തവരാമിവർ തൻ
അപരാധങ്ങൾ മായ്ച്ചീടാൻ
അറിവിന്നുടയനൊടർത്ഥിക്ക
കന്യകയേ, എൻ മാതാവേ.

6. മേനി തളർന്നു പൊടിഞ്ഞാലും
ശക്തി തകർന്നു നശിച്ചാലും
എൻ ഹൃദയം കബറിൽ നിന്നും
പാടും മാതേ, നിൻ ഗീതം.

## 14. രണ്ടാം ഹവ്വാ

*രീതി: പുലർകാലേ ഗിരിമുകളിൽ മൂശ*
(ബുധൻ പ്രഭാതം-രണ്ടാം കോലോ)

1. കാലാന്ത്യം ആഗതമായപ്പോൾ
ദൃശ്യമതായ് ജ്യോതിർഗോളം
പ്രഭ വിതറീ അവനിയിലുടനീളം.
    പെരുവെള്ളപ്പാച്ചിൽ സമമായ്
    വെള്ളിടി നാദസമം ഞൊടിയിൽ
    എത്തീ ബേത്‌ലേമിൽ ദൈവം.
മിന്നി വിളങ്ങി ഭൂലോകം
പുതിയൊരു ജ്വാല പരന്നിവിടെ
ഉയരാഴങ്ങൾക്കാഹ്ലാദം.

2. ദൈവത്തിൻ പൂർണതയാം വചനം
ജ്വാലയിൽ നിന്നുള്ളൊരു ജ്വാല
ഉയരാഴം കൈയിൽ പേറുന്നോൻ
കന്യകയുദരേ പേറിയിതാ
കത്തിച്ചില്ലാ-കന്യകയെ
പൂട്ടിയടച്ചു വാതിലുകൾ.
ശോഭ നിറഞ്ഞാ ഭവനത്തിൽ
കന്യക ശോഭിതയായ് ധരയിൽ
പേറീ നൃപനേ നവമാസം.

3. ഉയരാഴം പണിചെയ്യും മുമ്പേ
ഉയരാഴങ്ങൾക്കധിപതിയാം
സകലേശൻ കണ്ടു കന്യകയെ
സുതനെത്തീമേവി അവളിൽ
വച്ചൂ സിംഹാസനമവളിൽ
ഇസ്രായേലിൻ കന്യകയിൽ
ഈ ലോകത്തിൻ മധ്യത്തിൽ
താതൻ പണിതൊരിരിപ്പിടമോ
മോഹനമാണെൻ വത്സലരേ.

4. ദൈവസുതൻ മനുഷ്യനുമായൊന്നായ്
മനുഷ്യത്വം പേറി തന്നിൽ
പൂശിയിതാ റൂഹ്ക്കുദിശാ നരനെ
ദൈവസുതൻ കന്യാസുതനായ്
രണ്ടുണ്ടെങ്കിലുമൊന്നത്രേ
രണ്ടും രണ്ടായ് മേവിയിതാ
അത്യത്ഭുതമാമവതാരം
ദൈവസുതൻ തൻ കർമങ്ങൾ
വിവരിപ്പാനെളുതല്ലൊട്ടും.

5. കാണുന്നേൻ കന്യാസുതനായി
ബേതലഹേമിൽ ജനിച്ചവനെ
നസ്രേത്തിൽ ജീവിച്ചൊരു നരനെ
പൈദാഹങ്ങൾക്കടിമയതായ്
യാത്രാക്ലേശം പേറുന്നോൻ
കല്ലറയിൽ കരയുന്ന നരൻ



പക്ഷേ വത്സലരേ, കേൾപ്പിൻ
സാക്ഷാലീ മർത്യൻ ദൈവം
സാക്ഷിച്ചു കള്ളൻ കുരിശിൽ.

6. ദൂതന്മാർ പാടിയവന്നായി;
എത്തീ വിദ്വാന്മാർ ജനനേ;
നക്ഷത്രം സാക്ഷിച്ചൂ നൃപനെ.
രോഗം മാറ്റീ വൻ വൈദ്യൻ
കടലിന്നോളമടക്കിയവൻ
ലാസറിനുയിരേകീ കൃപയാൽ
ഭക്ഷണമേകീ മലമുകളിൽ
സാക്ഷാൽ ദൈവസുതൻ മിശിഹാ
കന്യാസുതനും തിരുസുതനും.

7. മാതാവേ, ഓർക്കണമെ സഭയെ
അർപ്പിക്കടിയാരുടെ കണ്ണീർ
യാഗത്തോ-ടൊന്നായീ നിമിഷം
വേദന പേറുന്നീ ദാസർ
എത്തുന്നു നിൻ സന്നിധിയിൽ
സുതനോടർത്ഥിക്കടിയാർക്കായ്
നീ പരിപാവനമാം രത്നം
കൃപയുടിരിപ്പിടമാം ഭവനം
അത്യുന്നത ദൈവാലയവും.

## 15. രാജകുമാരീ

*രീതി: നാഥാ, ദയ മോചന-നമിവകളിരന്നീടാൻ*
(വ്യാഴം സന്ധ്യ: രണ്ടാം കോലോ)

1. പരിപാവനമാതേ, മോദത്തിൻ പൂർണേ,
വാഴ്ത്തപ്പെട്ടവളേ, കന്യേ, സൗഭാഗ്യവതീ,
മുടിചൂടിയ റാണീ, ഉന്നതയേ, നാഥേ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേക്കായ്.

2. പൂജിതയായവളേ, കൃപയുടെ പൂർണതയേ,
ദീപസ്തംഭം, മോഹനമാം വാതായനമേ,
ഉന്നതജീവൻ തൻ ശ്രേഷ്ഠമതാം ശ്രേണീ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേക്കായ്.

3 പരിപാവനമാകുന്നൊരു ദേവാലയമേ,
പരിപാവനത്രിത്വം മേവും പറുദീസായേ,
അതിപരിശുദ്ധിയുടാലയമേ, എൻ മാതേ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേക്കായ്.

4. അത്യുന്നത താതന്നേറ്റം പ്രിയപുത്രീ,
പ്രിയസുതനാകും മിശിഹായുടെ ഭൗമികവസതീ,
റൂഹായുടെ തണലേ, ഭാഗ്യവതീ, തരുണീ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേക്കായ്.

5. സൃഷ്ടികളിൽ പ്രഥമേ, സഭയുടെ മാതൃകയേ,
ഭൂമിയിലവതാരം ചെയ്തൊരു രണ്ടാം സ്വർഗം.
നിബിമാരുടെയാനന്ദം, പ്രിയയേ, തായേ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേക്കായ്.

6. നീ വഴി ധരയിൽ ഞാൻ മേവും സ്വർഗസമം
നിൻ നാമത്താൽ നിൻ സുതനുടെ സവിധേയണയും
അതിപാവനമാതേ, അഗതിയുടാശ്രയമേ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേക്കായ്.

7. പേടകമെന്നതുപോൽ ദേവാലയമതിനുൾ
മേവിയ തരുണീ, ഭാഗ്യവതീ, അതിപാവനയേ,
ദാവീദിൻ സുതയേ, കൃപയുടിരിപ്പിടമേ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേക്കായ്.

8. ഹസ്ക്കീയേൽ നിബിക-ണ്ടൊരു വാതായനമേ,
നിന്നെ വാഴ്ത്തുന്നൂ ദൂതൻ അഗ്നി ധരിച്ചോൻ;
നീതി ധരിച്ചവനാം സൂര്യൻ വന്നതിലേ
അവനതിലേ പോയ് പിന്നാരും പോയിട്ടില്ല.

9. മോഹിച്ചു രാജൻ കന്യകയുടെ ശോഭ
മാടിവിളിച്ചവനവളെ തൻ സവിധെയിരുത്തി
നീയെൻ മണവാട്ടി ശോഭിതയാം രാജ്ഞി
വാനഗണങ്ങൾക്കൊപ്പം നീ വാഴും നൂനം.

10. പ്രിയയേ, മാതാവേ, കന്യകയേ, നാഥേ,
കരുണക്കടലേ, ദൈവാംബേ, പരിപാവനയേ,
ലോകം മുഴുവനിലും കൃപ വർഷിക്കാനായ്
പ്രാർത്ഥിക്കുക നിൻ വത്സലനാം പ്രിയ സുതനോടായ്.



## 16. വിമലേ, കന്യകയേ

*രീതി: വിമലേ, കന്യകയേ,-ദൈവസുതൻ തിരുമാതാവേ,*
കാരുണ്യം ചെയ്വാൻ-സുതനോടർത്ഥിക്കിവർ പേർക്കായ്.

1. മിശിഹാ ദൈവസുതൻ - ഉപമകളെല്ലാം നിറവേറ്റി
നിബിമാർ മോദിച്ചു-ഭൂവാനങ്ങൾ സ്തുതി പാടി.

2. അവതാരാൽ മിശിഹാ-മർത്ത്യർക്കായ് ജീവൻ നൽകി;
മരണം ഹതനായി-പറുദീസിൽ മോദിച്ചാദാം.

3. ഹവ്വായുടെ ശാപം-നീക്കി ദൈവസുതൻ മിശിഹാ
മർത്ത്യർക്കുയിർ നൽകി-സ്തുതി താതന്നായർപ്പിച്ചു.

4. റൂഹാ നിർമിച്ച-കോട്ടയതിൽ അഭയം തേടാം
കൃപ തൻ നിക്ഷേപം-കന്യകമറിയം ഭാഗ്യവതി.

5. ശാലീനത തിങ്ങും-കന്യകമറിയം ഭാഗ്യവതി
പ്രാർത്ഥിക്കടിയാർക്കായ്-ദാനം ഞങ്ങൾ പ്രാപിപ്പാൻ.

6. നിന്നിൽ ശരണിതരായ്-സുതനോടർത്ഥിച്ചീടുമ്പോൾ
കേൾക്കെൻ മാതാവേ-യാചനകൾ സാധിക്കണമെ.

7. മറിയം പറുദീസാ-ജീവൻ പകരുന്നുറവയവൾ
വരുവിൻ സോദരരേ,-കൃപയാൽ മോദിച്ചാർത്തീടാം.

8. മിശിഹായുടെ ജനനേ-ഭൂവാനങ്ങളെയൊരുപോലെ
മറിയം വിളിചെയ്തു-ബേത്‌ലഹേം ഗുഹയതിനുള്ളിൽ.

9. സിംഹത്തപ്പേറും-പെണ്ണാടിനെ ദർശിപ്പവനാർ?
സിംഹത്തിനു സ്തന്യം-നൽകിയ കന്യകയാരാണോ?

10. അഗ്നിക്കുണ്ഡത്തെ-ഉദരേ പേറിയതാരാണോ?
അഗ്നിജ്വാലയ്ക്കായ്-ഉമ്മ പകർന്നവനാരാണോ?

11. മറിയാമിന്നുദരം-ദേവാലയമായ് തീർന്നൊരു നാൾ
വിത്തൊന്നും കൂടാ-തുരുവായി സത്യം ധരയിൽ.

12. മറിയാമിന്നുദരേ-മേനി മെടഞ്ഞു റൂഹ്ക്കുദിശാ
വചനം ഉയരേന്നും-അവളിലിറങ്ങി വസിച്ചല്ലോ.

13. ദൈവത്തിൻ കർമം-എന്നും അത്ഭുതപൂർണമതാം
അതിനാഴം കണ്ടോർ-ഭൂവാനങ്ങളിലാരുള്ളു!

14. പ്രിയതാതനിൽ നിന്നും-ഉദയം ചെയ്തവനാം കിരണം
കന്യാമറിയാമിൽ-കാണപ്പെട്ടു കാലാന്ത്യേ.

15. പ്രിയയേ, മാതാവേ,-സുതനോടർത്ഥിക്കെൻ പേർക്കായ്
കാരുണ്യം സഭയിൽ - കാലാകാലം വർഷിക്കാൻ.

16. മോദിക്കട്ടെന്നും-ധരയും വാനവുമൊരുപോലെ
മറിയാമിന്നൊപ്പം-യൂഹാനോനും മോദിച്ചു.

17. മറിയം ഒരു വലിയ - പടവായ് തീർന്നു കാലാന്ത്യേ
പാപം പേറുന്ന-മാലുമിയെപ്പേറി മറിയം.

18. ഉയരേ സ്വർഗത്തിൽ-ക്രൂബേർ പേറുന്നു സുതനെ
അഗ്നിജ്വാലകളെ - ഭീതി വിഴുങ്ങുന്നെപ്പോഴും.

19. കിരണത്തിൻ സവിധേ-സ്തുതിപാഠകരായ് മരുവുന്നോർ
ധരയിൽ സേവകരായ് എത്തീ സുതനുടെ കൽപ്പനയാൽ.

20. കാലാന്ത്യേ നാഥാ,-നീയാഗതനാകും നാളിൽ
തള്ളല്ലേയെന്നെ-കത്തുന്നഗ്നിക്കുണ്ഡത്തിൽ.

21. കൃപയാൽ വലഭാഗം -തരണം നാഥാ, ദാസർക്കായ്
നിന്നിൽ ശരണിതരായ്-പടവിൽ കയറുന്നടിയങ്ങൾ.

22. കടലിൽ താഴാതെ-നൗകയെ രക്ഷിച്ചീടേണം
ഓളങ്ങൾ നിന്റെ-തൃക്കരവേലയതാകുന്നു.

## 17. ശോഭയെഴും രത്നം

*രീതി:എൻവിളി നിൻമുൻ ഏറണമെ*
നാഥാ, നിൻമുൻ-ഏറ്റിയൊരീധൂപം..
(ബുധൻ പ്രഭാതം - ഒന്നാം കോലോ)

1. പാവനകന്യേ-ദൈവത്തിൻ മാതാ,
കാലാന്ത്യത്തിലിതാ
നിന്നിൽ നിന്നും പാവനമായ്
തിരുവചനം നരനായ് തീർന്നൂ
ഉദരേ മേവി നവമാസം
മൃതനായ് കുരിശിൽ മർത്യർക്കായ്
പഥിതർ തൻ - ആദ്യഫലം മിശിഹാ.



2. പാവനകന്യേ-മിശിഹായുടെ മാതാ,
നിന്നോടൊപ്പം ഞാൻ
ആരാധിക്കുന്നുടയവനെ
നിന്നിൽ നിന്നുരുവായ സുതൻ
സത്യമതാം തിരുവചനം താൻ
പിതൃവലഭാഗെയിരിക്കുന്നോൻ
പഥിതർ തൻ - ആദ്യഫലം മിശിഹാ.

3. പാവനകന്യേ-ആരാധിപ്പൂ നാം
ഉടയവനെയെന്നും
ത്രിത്വത്തിൻ രണ്ടാമാളെ
ദൈവത്തിൻ തിരുവചനത്തെ
നിന്നിലിറങ്ങി വസിച്ചവനെ
നിന്നിൽ നിന്നുരുവായവനെ;
പഥിതർ തൻ - ആദ്യഫലം മിശിഹാ.

4. പാവനകന്യേ,-ശോഭയെഴും രത്നം
കറ തീണ്ടാത്തവളേ,
നിൻ സ്തുതി പാടുന്നടിയങ്ങൾ
സുതനൊത്തമരും പ്രിയമാതാ,
സഭയിൽ കൃപ വർഷിക്കാനായ്
ശാന്തി ജഗത്തിനു പകരാനായ്
പ്രാർത്ഥിക്കൂ - നിൻ പ്രിയ സുതനോടായ്.

## 18. സൗന്ദര്യം തിങ്ങും രത്നം

*രീതി: കബറിൽ പൂകിടുമതിവീരൻ തന്നധികാരം*
*ചെയ്യും വിസ്മയമാശ്ചര്യം കൂറും ദൂതന്മാർ.....*
(ശനി പ്രഭാതം-ഒന്നാം കോലോ)

1. ദാവീ-ദിൻ സുതയാം കന്യാ-മറിയാമി-ന്നായ്
ഭാഗ്യം-നൽകുന്നെന്നെന്നും ജനകോ-ടികളെല്ലാം
ശാപ-ത്തിന്നവകാശികളാം -നാരികൾ നിൻ
സന്തതിയാൽ- വാഴ്ത്തപ്പെട്ടവരായ് തീർന്നൂ നീ സ്തുത്യ.

2. സൃഷ്ടിക്കുടയവനാം നാഥൻ-നിന്നിൽ നി-ന്നുരുവായി
ജഡമേറ്റു ശിശുവായ് ഗുഹയിൽ -നരനായി

ദയറാ-പള്ളികളിൽ മാതേ-തവനാമം
ശ്രേഷ്ഠമഹോ-പാടുന്നിക്കൂട്ടം സ്തുതികൾ-മോദമൊടെ.

3. കന്യാ-മറിയാമിൻ ഓർമ്മേ-ഭൂവാനം -മോദിപ്പൂ
പാടുന്നുന്നതമാം ഗീതം-അനുനിമിഷം
കൃപകൾ-നിറയുന്നരുവിയിതാ-ഒഴുകുന്നു
ധര മുഴുവൻ-ഓടിയടുത്തിടുവിൻ പ്രിയരേ, കൃപ നേടാം.

4. സങ്കീ-ർത്തനമതിൽ നിബി ദാവീ-ദോതിയിതം
രാജസുത സൗന്ദര്യം തിങ്ങും രത്നം കീർത്തിപ്പിൻ
സ്വർണാ-ലംകൃതമവൾ വസനം സൗന്ദര്യം-ആന്തരികം
കാഴ്ചകളും കൊണ്ടെത്തുമവൾ -നൃപനരികെ.

5. യൂഹാ-നോൻ മറിയാമിന്റെ മംഗളനാ-ദം കേട്ടു
ഉദരത്തിൽ മോദിച്ചാർത്തു സ്തുതി പാടി
മറിയം-ധര മുഴുവൻ നിറയും ദൈവത്തെ
ഉദരത്തിൽ-നവമാസം പേറി പ്രിയരേ, വാഴ്ത്തവളെ.

6. കർത്തൻ-ദാസിയിവൾ ദൂതാ,-തവവചനം-പോലെന്നിൽ
ഉണ്ടായീടട്ടെന്നരുളി-രാജസുത;
ഭൂവാ-നങ്ങൾക്കുടയവനാം -ദൈവം ചെ-യ്യുന്നെല്ലാ
അത്ഭുതകർമ്മങ്ങളുമിവിടെ-മർത്യർക്കായ്.

## 19. സ്വർണ്ണാലയമേ

രീതി: എൻ വിളി നിൻ മുൻ ഏറണമേ
നാഥാ, നിൻ മുൻ-ഏറ്റിയൊരീധൂപം...

1. കാരുണ്യാബ്ധേ,-കഴുകണമെന്നെ നീ
പൂർണത നൽകണമെ
ശാന്തിപകർന്നീടണമെന്നിൽ
നാവിൽ ഗീതം നൽകണമെ
ഹൃദയത്തിൽ നിൻ വൻസ്നേഹം
ജീവിതവഴിയിൽ സന്ദേശം
പറുദീസാ -പണിതീടാൻ നാഥാ.

2. ഓരോ ദിനവും -അത്യത്ഭുതകരമായ്
എന്നെ സ്നേഹിക്കും



കരുണ നിറഞ്ഞോരുന്നതനേ,
കാരുണ്യത്തിൻ വിളനിലമേ,
ശോഭയെഴും പറുദീസായേ,
മോദം തിങ്ങും സ്വർലോകം
നിന്നിൽ ഞാൻ വയ്ക്കുന്നെൻ ഹൃദയം.

3. മേലുയരത്തിൽ -വാനവദൂതന്മാർ
പാടുന്നൂ നാഥാ,
മോദമൊടേ നിൻ ഗീതങ്ങൾ
ധരയിൽ പ്രിയരാം മാനവരും
ഭൂതലമെല്ലാമൊരു നാവിൽ
കീർത്തിക്കുന്നു നിൻ ശക്തി
നിന്നിൽ ഞാൻ വയ്ക്കുന്നെൻ ഹൃദയം.

4. മ്ശീഹാനാഥാ,-ദൈവത്തിൻ പുത്രാ,
ജീവന്നുറവിടമേ,
ദാനം നൽകും ദാതാവേ,
കന്യകമാതാവിൻ സുതനേ,
സഭയുടെ പ്രിയനാം മണവാളാ,
മകുടം നൽകും ജേതാവേ,
നിന്നിൽ ഞാൻ വയ്ക്കുന്നെൻ ഹൃദയം.

5. ശോഭയെഴുന്ന-മാണിക്യം മറിയം,
ദൈവത്തിൻ മാതാ,
പകലോനാടയതായുള്ളോൾ,
മകുടമണിഞ്ഞൊരു കന്യകയേ,
കൃപകൾ നിറഞ്ഞൊരു നിറകുടമേ,
പൂർണതയേറും മാണിക്യം,
മാതാവേ, നീ താൻ ഭാഗ്യവതി.

6. പാവനകന്യേ,-മിശിഹായുടെ മാതേ,
ശോഭയെഴുന്നവളേ,
ദാനം നൽകുന്നോരുറവേ,
കന്യാത്വത്തിൻ നിറകുടമേ,
സ്തുതികൾക്കർഹയതാം കന്യേ,
കരുണ നിറഞ്ഞവളാം മാതേ,
മറിയാമേ, നീതാൻ ഭാഗ്യവതി.

7. പാവനമാതേ,-കന്യകമറിയാമേ,
നിത്യം പിതൃമാർവിൽ
മരുവുന്നവനാം തിരുവചനം
കൃപ നിറയും നിന്നിൽ നിന്നും
പരിപാവന റൂഹായാലേ
ധരയിലെഴുന്നള്ളി ഒരുനാൾ
മാനവരേ-ഉയരേറ്റീടാനായ്.

8. സ്വർണാലയമേ,-ദാവീദിൻ കോട്ടേ,
കന്യകമാതാവേ,
വാഗ്ദാനത്തിൻ പേടകമേ,
നവരാജ്യത്തിൻ പടിവാതിൽ,
പുലരിയിൽ ശോഭിക്കും താരം,
രഹസ്യങ്ങൾ മരുവും കുസുമം,
മറിയാമേ, നീ താൻ ഭാഗ്യവതി.

9. പാ-വനകന്യേ,-ശോഭയെഴുന്നവളേ,
പുതിയൊരു പറുദീസാ,
മാലാഖകളുടെ പ്രിയരാജ്ഞി,
ദുഃഖിതരുടെ വൻ ആശ്വാസം,
പാപികളുടെ പ്രിയസങ്കേതം,
ക്രിസ്ത്യാനികളുടെ ആശ്രയമേ,
മറിയാമേ, നീ താൻ ഭാഗ്യവതി.

10. ലോകം മുഴുവൻ- ജനകോടികളെല്ലാം
പാടുന്നൊരു ശബ്ദേ
കന്യകയേ നിൻ ഗീതങ്ങൾ
നന്മ നിറഞ്ഞവളാം മറിയം
സ്വസ്തി നിനക്കിവരേകുന്നു
കർത്തൻ നിന്നൊടു കൂടെന്നും
സ്ത്രീകളിൽ നീ-വാഴ്ത്തപ്പെട്ടവളും.

11. പാവനകന്യേ,- നിബിമാരുടെ രാജ്ഞി,
മിശിഹായുടെ മാതേ,
ശാന്തി ധരയ്ക്കേകുന്നവളേ,
ശ്ലീഹന്മാരുടെ മാതാവേ,



സഹദേന്മാരുടെ കൂട്ടാളീ,
ആനന്ദത്തിന്നുറവിടമേ,
മറിയാമേ, നീ താൻ ഭാഗ്യവതി.

12. പാ-വനകന്യേ, -ഈ നിമിഷം ഞങ്ങൾ
ഓടിയടുക്കുന്നു
കൃപ ചൊരിയാനർത്ഥിക്കണമെ.
യാചനകൾ നിരസിക്കരുതേ
കുറവുകൾ തീർക്കാനർത്ഥിക്ക,
പൂർണത ഞങ്ങൾക്കേകേണം
വേദനകൾ -ദൂരെയകറ്റേണം.

13. ഭൂ-ലോകത്തിൻ-ശോഭയെഴും രാജ്ഞി,
കന്യക മറിയാമേ,
ശരണം വയ്ക്കുന്നിവർ നിന്നിൽ
കണ്ണീർക്കടലിന്നാഴത്തിൽ
ഉഴലുന്നവരാമിവരിൽ നീ
മേലുയരേ നിന്നൻപോടെ
നോക്കണമെ-കാരുണ്യം ചെയ്ക.

14. തൃക്കണ്ണുകളാൽ-നോക്കണമെന്നെ നീ
കന്യകമാതാവേ,
കരുണ നിറഞ്ഞവളാം തരുണീ,
റൂഹായാം ഉന്നതദാനം
പൂർണതയേകീടുന്നതിനായ്
ദാസന്മാരിലിറങ്ങിടുവാൻ
പ്രാർത്ഥിക്കൂ-നിൻ പ്രിയ തനയനൊടായ്.

15. കന്യകമാതേ,-ദയ തിങ്ങുന്നവളേ,
നിൻസവിധേയെത്തി
കരുണയിരന്നവരെയൊട്ടും
നിരസിക്കാത്തൊരു കരുണാബ്ധേ,
ഓടിവരുന്നിവർ നിൻപക്കൽ
ഒഴുകും മിഴിനീരൊടുകൂടെ
മാതാവേ, പ്രാർത്ഥന കേൾക്കണമെ.

16. ഉന്നതരാജ്ഞീ,-പാപികളുടെ ശരണം
ശോഭയെഴും രത്നം
നിൻ സവിധേയണയുന്നടിയൻ
നിന്നെ ഞാൻ വന്ദിക്കുന്നു,
നിന്നെ ഞാൻ സ്നേഹിക്കുന്നു.
പ്രാർത്ഥിക്കണമേയെൻപേർക്കായ്
നിന്നിൽ ഞാൻ -വയ്ക്കുന്നെൻ ശരണം.

17. ചേർക്കണമെന്നെ -സുതരുടെ കൂട്ടത്തിൽ
കൃപ നിറയുന്നവളേ,
ദുഷ്ടനെയാട്ടിപ്പായിക്ക
ഉന്നതമാം സ്നേഹം നൽക
അന്ത്യം വരെയുത്തമവഴികൾ
ദൈവഹിതത്തിന്നൊത്തമൃതി
മാതാവേ, നൽകണമടിയാർക്കായ്.

## 20. സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവൾ

*രീതി: നാഥാ, ദയമോചനമിവകളിരന്നീടാൻ*
(വ്യാഴം സന്ധ്യ-രണ്ടാം കോലോ)

1. പുണ്യത്തിൻ കേദാ-രം കന്യകമറിയം
അതിപരിശുദ്ധിയുടാലയമായ് തീർന്നോൾ മറിയം
അതിപാവനബലിവേ-ദിയതാണീ ശ്രേഷ്ഠ
അവളെ വാഴ്ത്തി വണങ്ങീടാം ദൂതരൊടൊന്നായ്.

2. ദീപത്തിൻ വിരിയാം-കന്യകയാം മറിയം
അത്യുന്നതമാം സ്തുതികൾ തൻ സിംഹാസനവും
വിവരിപ്പാനെളുത-ല്ലവളുടെ മാഹാത്മ്യം
അവളെ വാഴ്ത്തി വണങ്ങീടാം ദൂതരൊടൊന്നായ്.

3. പാവനനാം റൂഹാ-യവളെ മുടിചൂടി
വന്നുവസിച്ചവളിൽ ശക്തി അത്യുന്നതമാം
രശ്മികളാൽ മൂ-ടി റൂഹാ കന്യകയെ
അവളെ വാഴ്ത്തി വണങ്ങീടാം ദൂതരൊടൊന്നായ്.



4. അത്യുന്നത താ-തൻ സന്നിധിയിൽ നിന്നും
വത്സലനാം വചനം വന്നു കന്യകയുദരേ
അവളുടെയുദരത്തിൽ മറവായ് തീർന്നു സുതൻ
അവളെ വാഴ്ത്തി വണങ്ങീടാം ദൂതരൊടൊന്നായ്.

5. ദേവാലയമാ-കും കന്യകമറിയാമിൻ
ശോഭ പരക്കുന്നെന്നേക്കും ലോകം മുഴുവൻ
ശ്ലേമോൻ നിർമിച്ച മോഹനമാം ഭവനം
കന്യകയോടുപമിച്ചീടിൽ തൃണസമമത്രേ.

6. ദേവാലയമതിലെ പരിപാവനവേദി
കന്യക തൻ മുൻകുറിയാണെന്നോതുന്നടിയർ
അത്യുന്നത നാഥൻ ശോഭ വിരിച്ചവിടെ
കന്യക തന്നുദരത്തിങ്കൽ ദൈവകുമാരൻ.

7. പാവനമാം ബലിവേദിയലമരും രഹസ്യം
മറവാക്കാൻ വിരിയുണ്ടാ ദേവാലയമതിനുൾ
കന്യകയുടെ ഉദരം വിരിയായ് തീർന്നല്ലോ
ഗൂഢം രഹസ്യം സ്ഥിതിചെയ്തു കന്യകയുദരേ.

8. റൂഹായാം വൃഷ്ടി പെയ്തു ഭൂവെങ്ങും
ദാഹം തിങ്ങിയ ഭൂമി ജലം പാനം ചെയ്തു;
ഉദരം വിളനിലമായ് തീർത്തു ശുദ്ധാത്മൻ
അവിടുരുവായി അത്യുന്നതവചനം ദൈവം.

9. കന്യകയാം മാതാവിൽ നിന്നുരുവായി
കന്യാസുതനാം മിശിഹായവതാരം ചെയ്തു
കന്യാവ്രതമുദ്ര-യ്ക്കൂനം കൂടാതെ
ഉദരത്തിൽ നിന്നുരുവായി കരുണാപൂർണൻ.

10. ക്രോബകൾ പേറുന്ന ദയയുടിരിപ്പിടമാം (പുറ 25:17)
കന്യകമറിയാമിൽ നിന്നും മിശിഹായുരുവായ്
മാറ്റുന്നവനെല്ലാ കറകളെയും ധരയിൽ
നിറയും തിന്മകളേയെല്ലാം കാരുണ്യത്താൽ.

11. കൂടാരം നിർമിച്ചിസറായേൽ വഴിയിൽ
നവകൂടാരമതാം മറിയം വാഴ്ത്തപ്പെട്ടോൾ;
ക്രോബകളാവാസം ചെയ്യുമിരിപ്പിടമാം
കന്യകമറിയം ശ്രേഷ്ഠയഹോ, അവളെ വാഴ്ത്താം.

12. അത്യുന്നത ദൈവം വന്നുവസിക്കുന്ന
പരിപാവനമാം ദേവാലയമത്രേ മറിയം
നൃപരുടെ നൃപനായി നിർമിച്ചൊരു ഗേഹം
ധരയിൽ സ്വർഗമുദിച്ചതുമീ തരുണിയിലത്രേ.

13. നിയമം നിഴലിൽ തൻ രൂപം കാട്ടിയിതാ
നിബിയുടെ കൂടാരം, ഭരണി അതിലെ മറയും
കൽപ്പന പേറീടും പേടകമാവടിയും
വാതിലുമാലയവും പ്രിയയാം മറിയം രൂപം.

14. വിരിയുടെ മുകളിലിതാ മേഘം മരുവുന്നൂ
നിന്നെ ചൂടുന്നൂ ദൂതർ പിതൃകൽപ്പനയാൽ
ആലയമായ് തീർന്നോ-ളാം പ്രിയ മാതാവേ,
ദയവാനോടെൻ പേർക്കായ് നീയർത്ഥിക്കേണം.

15. നസ്രത്തിൽ വന്നോ-രുന്നതദൂതനുര-
ച്ചത്യുന്നതനുടെ ഗേഹമെനിക്കാർ കാട്ടീടും?
സ്വർഗീയോന്നതമാം സ്ഥാനങ്ങളുമതിലെ
അഗ്നിരഥങ്ങളുമുൾക്കൊള്ളില്ലായുന്നതനെ.

16. ഈ ചെറുകന്യകയെങ്ങനെ-പേറും നൃപനെ?
അഗ്നി ധരിപ്പോർക്കറിയില്ലീ ഉന്നതരഹസ്യം
ദൈവഹിതം ചെയ്യാനെത്തിയ ദൂതനിവൻ
വാഴ്ത്തുന്നൂ നിൻ മാഹാത്മ്യം മോഹനതരുണീ.

17. ക്രോബകൾ പേറുന്നോ-രഗ്നി രഥത്തേക്കാൾ
ശ്രേഷ്ഠമതാണെൻ കന്യകയേ, നിൻ തിരുമേനി
ദൈവത്തെ പേറി നിൻ തൃക്കൈകളിൽ നീ
മുട്ടുകളിൽ നീ ലാളിപ്പൂ അത്യുന്നതനെ...



## 21. സുരസുന്ദരി

*രീതി: നാം ദൈവസുതന്മാരാവാ-*
*നായുഷ്ക്കാലത്തിൽ ചൊല്ലി*
*തന്നാ-താതരെയോർക്കേണം*
*പ്രാർഥന കാഴ്ചകളിൽ....*
(തിങ്കൾ, പ്രഭാതം-രണ്ടാം കോലോ)

1. അത്യുന്നതനാം തിരുവചനം
കാലാന്ത്യമടുത്തൊരുനേരം
ഒരു പാ-വനകന്യക വഴിയായ്
നരനായ് എത്തിയിതാ
മനുഷ്യസ്വഭാവം പേറിയവൻ
മർത്യാത്മാവുണ്ടാ നരനിൽ
പാപം കൂടാ-തെല്ലാറ്റിലും
അവനോ നരനായി.

2. ദൈവസ്വഭാവം വെടിയാതെ
മർത്യസ്വഭാവമെടുത്തുടയോൻ
എത്തീ നരനായീ ധരയിൽ
മറിയം വഴിയായി.
അവളെയവനൊരു പടവാക്കി
ലോകം പേറും മാലുമി താൻ
അവളിൽ മേവി ശിശുവായി
ധരയെ വാഴ്ത്തിയവൻ.

3. ദൈവകുമാരൻ തിരുവചനം
കന്യക മറിയാമിൻ മടിയിൽ
ശിശുവായ് സ്തന്യം പാനം ചെയ്-
തത്യത്ഭുതകർമം
ശീലകളാൽ ചുറ്റപ്പെട്ടോൻ
ലോകം നിറയും ജഗദീശൻ
മേവുന്നൂ പിതൃവലഭാഗേ
ഗൂഢം യാഥാർത്ഥ്യം.

4. മാറ്റമെഴാത്തവനാം വചനം
മാറ്റം കൂടാതിവിടെത്തി
കൂടിക്കലരാതവനെന്നും
നരനായ് വർത്തിച്ചു.
ദൈവികവ്യക്തിയിൽ രണ്ടാമൻ
ദൈവസ്വഭാവത്തിന്നുടമ
നരരെ രക്ഷിപ്പാനായി
നരനായ് തീർന്നുലകിൽ.

5. ഒരു കർത്താവും ഒരു സുതനും
കന്യാസുതനും തിരുസുതനും
ഒരുവൻ തന്നെയെന്നടിയാർ
ആർക്കും തിരുസഭയിൽ;
കബറിലടങ്ങാലും പാടും
മറിയം സുതനെ പ്രസവിച്ചു
അവനത്യുന്നത ദൈവസുതൻ
കന്യാ-സുതനുമവൻ.

O



# മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ

1. ജി. ചേടിയത്ത്, *പറുദീസാഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 118. (OIRSI-249).

2. ............., *കന്യാത്വഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 220. (OIRSI -250).

3. ............., *മനുഷ്യാവതാരഗീതങ്ങൾ*, കോട്ടയം, 2001, പേജ്,168. (OIRSI -251).

4. ............., *ഉൽപ്പത്തിഭാഷ്യം*, കോട്ടയം, 2001, പേജ്, 278. (*ഉൽപ്പത്തിഭാഷ്യം*, പേജ് 11-161; *പുബ്ലിയൂസിനുള്ള കത്ത്*, പേജ്, 162-177; *നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം*, പേജ്, 178-241; *ജൂലിയനെതിരെയുള്ള ഗീതങ്ങൾ*, പേജ്, 242-278.) (OIRSI-257).

5. ............., സുവിശേഷഭാഷ്യം (ദിയാതെസ്സറോൺ ഭാഷ്യം), കോട്ടയം,2002, പേജ്, 358 (OIRSI-263).

6. ............., *വിശ്വാസഗീതങ്ങൾ*, കോട്ടയം, 2008, പേജ്,264 (*വിശ്വാസഗീതങ്ങൾ*, പേജ്, 1-205; *വിശ്വാസത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ അഥവാ മെമ്രാകൾ*, പേജ് 206-255) (OIRSI-301).

7. ............., *നിസിബിയൻ ഗീതങ്ങൾ*, കോട്ടയം, 2009, പേജ് 232, (OIRSI-309).

8. ............., *സഭാഗീതങ്ങൾ*, കോട്ടയം, 2009, പേജ് 124, (OIRSI-310).

9. ............., *പെസഹാഗീതങ്ങൾ*, കോട്ടയം, 2009, പേജ് 96 (OIRSI-312).

10 ............., *ഉപവാസഗീതങ്ങൾ,* കോട്ടയം, 2009, പേജ് 160 (OIRSI-318).

11. ............., *പ്രസംഗങ്ങൾ (മെമ്രാകൾ), -വാല്യം 1.,* കോട്ടയം, 2010, പേജ് 124, (OIRSI-326).

12. ............., *പ്രസംഗങ്ങൾ, വാല്യം 2.,* കോട്ടയം, 2011, പേജ് 256, (OIRSI-336).

Manager, OIRSI Publication, P.B. No.10
Vadavathoor, Kottayam - 686 010

നമ്മുടെ ആരാധനക്രമങ്ങളിലും വിവിധാവസരങ്ങളിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളിലും പരിശുദ്ധ കന്യക മറിയത്തെ പ്രകീർത്തിക്കുന്ന നിരവധി മാതൃസ്തവങ്ങളുണ്ട്. അവയോടു ചേർന്ന് വ്യത്യസ്താവസരങ്ങളിൽ ശുശ്രൂഷയ്ക്കും പ്രാർത്ഥനയ്ക്കും ഉപയോഗിക്കാൻ പര്യാപ്തമായ മാതൃകീർത്തനങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. വി.ഗ്രന്ഥം, സഭാപാരമ്പര്യം, സഭാപിതാക്കന്മാരുടെ പഠനങ്ങൾ, തലമുറകളിലൂടെ രൂപപ്പെട്ട ആധ്യാത്മികത എന്നിവയെ ആധാരമാക്കി നമ്മുടെ പ്രിയപ്പെട്ട ചേടിയത്ത് ഗീവർഗീസ് മൽപ്പാനച്ചൻ തയ്യാറാക്കിയ ഈ മാതൃകീർത്തനങ്ങൾ മനുഷ്യമനസ്സുകളെ പരിശുദ്ധ അമ്മയിലേക്കും അമ്മയിലൂടെ ദൈവത്തിങ്കലേക്കും ഉയർത്തുവാൻ ഏറെ പര്യാപ്തമാണ്. പരിചിതമായ ട്യൂണുകളിൽ, പ്രത്യേകിച്ച് ശ്ഹീമ്മോ'നമസ്കാരത്തിലെയും യാമപ്രാർത്ഥനകളിലെയും രീതികളിൽ, രചന നിർവഹിച്ചിരിക്കുന്നു. ഇത് മാതാവിന്റെ പെരുന്നാളുകളിലും, പ്രത്യേകിച്ച് എട്ടുനോമ്പ് ദിനങ്ങളിലും, മാതൃസംഘാംഗങ്ങളുടെ പ്രാർത്ഥനാകൂട്ടായ്മകളിലും, ദൈവാലയ റാസകളിലും ആലപിച്ച് ധ്യാനിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

+യൂഹാനോൻ മാർ ക്രിസോസ്റ്റം
പത്തനംതിട്ട മെത്രാപ്പോലീത്താ

ജി.ചേടിയത്ത്



# മാതൃകീർത്തനങ്ങൾ